# ആത്മപ്രകാശിനി

**2010 മാർച്ച്**

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# Athmaprakashini

## അകത്താളുകളിൽ

**തുറക്കപ്പെട്ട സ്വർഗ്ഗം**
ഡോ. ഒ.എം. ശമുവേൽ .................... 3

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................... 4

**വെളിപ്പാടു പുസ്തകം ....**
ഡോ. ഒ.എം. ശമുവേൽ .................... 6

**ക്രിസ്തീയ ശിഷ്യത്വം**
ഡോ. സൈലസ് സി. നായർ ......... 7

**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ........................ 9

**ആത്മീകനും ജഡികനും**
വിൽസൺ വർഗീസ് ........................ 10

**അപ്പൊ. പ്രവർത്തികളുടെ .....**
ഡോ. ജോസഫ് എം.പി. ................. 12

**ദൈവം നമ്മുടെ സങ്കേതവും ....**
രത്നാ ജേക്കബ് ................................ 14

**പുതിയനിയമ സഭായോഗങ്ങൾ**
എസ്.ജി. ഗിൽബർട്ട് ........................ 15

**ദൈവത്തിന്റെ ശിക്ഷണത്തിലെ ....**
ജോർജ്ജ് സി. വർഗീസ് ................... 16

**ഒരു അനുസ്മരണം**
റ്റി. ജോൺസൺ ................................ 19

**ബൈബിൾ പ്രശ്നാവലി ..............** 20

**വാർത്തകളും, കുറിപ്പുകളും** 20

### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXIX** **No.3**

## 2010 മാർച്ച്

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# തുറക്കപ്പെട്ട സ്വർഗ്ഗം

Dr. O.M. Samuel

വിശ്വാസികളുടെ വാസം ഭൂമിയിലാണെങ്കിലും സ്വർഗ്ഗീയ കാഴ്ചപ്പാടോടുകൂടിയാണല്ലോ നാം ജീവിക്കുന്നത്. യേശുക്രിസ്തു തന്നിൽ വിശ്വസിക്കുന്ന ഏവർക്കും സ്വർഗ്ഗീയ കവാടം തുറന്നുകൊടുക്കുന്നവനാണ്. ഇന്ന് ഒരു വിശ്വാസിയുടെ ആത്മീയ സ്ഥാനം സ്വർഗ്ഗമാണെങ്കിലും ആ സ്വർഗ്ഗകവാടത്തിൽക്കൂടി ഇമ്പങ്ങളുടെ പറുദീസയായ സ്വർഗ്ഗത്തിൽ നാം പ്രവേശിച്ചിട്ടില്ല. ഇന്ന് സ്വർഗ്ഗത്തിലെ ആത്മീയാനുഗ്രഹങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവരായി ക്രിസ്തുവിനോടുകൂടി സ്വർഗ്ഗത്തിലാണ് നമ്മുടെ ആത്മീയ വാസം. അധികം താമസിയാതെ സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതും ഇവിടേയ്ക്കു കയറി വരിക എന്നുള്ള ആത്മനാഥന്റെ ഇമ്പനാദം നാം കേൾക്കും. ഇങ്ങനെ നമ്മെ കരുതുകയും സ്നേഹിക്കുകയും വഴി നടത്തുകയും ചെയ്യുന്ന നിന്റെ ദൈവം എവിടെ എന്ന് പരിഹാസികളും ശത്രുക്കളും ചോദിച്ചു എന്നു വരാം. അവൻ നമ്മുടെ മുകളിൽ ഉണ്ട്. (He is above us) സഹസ്രാബ്ദങ്ങൾക്കു മുൻപ് ദൈവപുരുഷനായ മോശെ യിസ്രായേൽ മക്കളോടു പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക. ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നെ ദൈവം. മറ്റൊരുത്തനുമില്ല എന്ന് നീ ഇന്നു അറിഞ്ഞു മനസ്സിൽ വെച്ചുകൊൾക (ആവ. 4:39). അതുപോലെ 91-ാം സങ്കീർത്തനത്തിന്റെ പ്രാരംഭ ഭാഗം അനുഭവമാകാത്ത ഏതു ദൈവപൈതലാണുള്ളത്. "അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ യഹോവയെക്കുറിച്ച് അവൻ എന്റെ സങ്കേതവും കോട്ടയും ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവവും എന്നു പറയുന്നു." ഈ അത്യുന്നതന്റെ മറവിൽ വസിക്കുന്ന വിശ്വാസിക്ക് ഉറക്കെ പ്രഖ്യാപിക്കാൻ കഴിയും. എന്റെ ദൈവം ഉയരത്തിൽ വസിക്കുന്നവനാണ്.

ഈ ദൈവം മുകളിൽ മാത്രമല്ല. നമ്മുടെ കീഴെയും ഉണ്ട് (The Lord is beneath His own) നമ്മുടെ ദൈവം മുകളിലാണെന്ന് ഉറപ്പു നൽകിയ മോശെയുടെ വാക്കുകൾ വീണ്ടും ശ്രദ്ധിക്കുക. പുരാതനനായ ദൈവം നിന്റെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട് (ആവ. 33:27). ഉത്തമഗീതത്തിലെ പ്രാണപ്രിയയുടെ വാക്കുകളും ഇതെ ആശയം നൽകുന്നു. അവന്റെ ഇടംകൈ എന്റെ തലയിൻകീഴെ ഇരിക്കട്ടെ. അവന്റെ വലങ്കൈ എന്നെ ആശ്ലേഷിക്കട്ടെ (ഉത്ത. 2:4). നിത്യനായ ദൈവത്തിന്റെ കരങ്ങൾ നമ്മെ വീഴാതെവണ്ണം താങ്ങുന്നതിനുണ്ടല്ലോ. കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ടെന്നുള്ളത് എത്ര ആശ്വാസകരം.

ഈ ദൈവം നമ്മുടെ മുമ്പിലും ഉണ്ട് (The Lord is before His own). യിസ്രായേൽ മക്കളെ പെസഹാകുഞ്ഞാടിന്റെ രക്തത്താലും നീട്ടിയ ഭുജത്താലും മിസ്രയീമിന്റെ അടിമത്തത്തിൽ നിന്ന് വിടുവിച്ച് അവരുടെ വഴിയാത്രയിൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നിസ്തംഭമായും വഴി ഇതാകുന്നു ഇതിലെ പോക എന്നു പറഞ്ഞുകൊണ്ട് വഴി നടത്തിയ ദൈവത്തിന്റെ കരുണാർദ്രമായ പരിപാലനം പുതിയനിയമ യിസ്രായേലാകുന്ന നമുക്കും അനുഭവപാഠമാക്കേണ്ടതാണ്. ഒരു നല്ല ഇടയനെപ്പോലെ ആടുകളുടെ മുമ്പേ നടന്ന് അവരെ പരിപാലിക്കുന്നവനാണ് നമ്മുടെ ദൈവം.

ഈ ദൈവം നമ്മുടെ പിന്നിലും ഉണ്ട്. (The Lord is behind His own). യിസ്രായേൽ ജനം മിസ്രയീമിൽ നിന്ന് പുറപ്പെട്ട് മുമ്പോട്ടു പോകുമ്പോഴുണ്ടാകുന്ന ഒരു പ്രതിസന്ധി പ്രത്യേകം ചിന്തനീയം. മുമ്പിൽ അലമാലകൾ ആഞ്ഞടിക്കുന്ന ചെങ്കടൽ, ഇടത്തും വലത്തും ഉയർന്ന മലകൾ, പിമ്പിൽഫറവോനും സൈന്യവും. യിസ്രായേൽ ഇതികർത്തവ്യാമൂഢരായി പകച്ചുനിൽക്കുമ്പോൾ അതുവരെയും അവരെ ആനയിച്ച മേഘസ്തംഭം അവരുടെ പിമ്പിൽ നിലയുറപ്പിച്ചു. യിസ്രായേൽ മുഴുവൻ അക്കരെ കടന്നു. അവരെ അനുഗമിച്ചു വന്ന ഫറവോനും സൈന്യവും ചെങ്കടലിന്റെ അടിത്തട്ടിലേക്കു താണുമരിച്ചു (പുറ. 14:19,20). നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ വഴി ഇതാകുന്നു. ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പുറകിൽ നിന്നു കേൾക്കും (യെശ. 30:21). എത്രയോ അർത്ഥവത്തായ വാക്കുകൾ.

ഈ ദൈവം നമ്മുടെ ചുറ്റും നിന്നു സംരക്ഷിക്കുന്നു. (The Lord is around His people). സുപരിചിതമായ 34-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നത് യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു. എത്രയോ ഭദ്രമായ സംരക്ഷണ വലയം. നമ്മുടെ ചിന്തകൾക്കതീതമായ കരുതൽ.

# കൃപ എന്ന വിശിഷ്ട വിഷയം – 7

കെ.വി. ജോൺ, തിരുവല്ല

**കൃപയുടെ ബഹുത്വത്താലുള്ള ആരാധന**

''ഞാനോ നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേക്ക് ചെന്ന് നിന്റെ വിശുദ്ധമന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോടെ ആരാധിക്കും'' (സങ്കീ. 5:7)

"എനിക്കു ബോധിച്ച പുരുഷൻ, അഥവാ എന്റെ ഹൃദയപ്രകാരമുള്ള പുരുഷൻ" (A man after my own heart) (1 ശമു. 13:14, അ.പ്ര. 13:22) എന്ന് ദൈവം ആരെക്കുറിച്ച് സാക്ഷ്യപ്പെടുത്തിയോ ആ വ്യക്തി (ദാവീദ്) എങ്ങനെ ദൈവത്തെ ആരാധിച്ചു എന്നാണ് മുകളിൽ ഉദ്ധരിച്ച വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ വിശകലനം കഴിഞ്ഞ രണ്ടു ലേഖനങ്ങളിൽ വായനക്കാർ വായിച്ചു കാണുമല്ലോ.

ദൈവത്വത്തിൽ ത്രിത്വം എന്ന ആശയം ഉൾപ്പെട്ടിട്ടുണ്ടല്ലോ അതുകൊണ്ടാണല്ലോ ത്രിയേക ദൈവം എന്ന നിലയിൽ നാം ദൈവത്തെ അറിയുന്നത്. അതായത് ഒന്നിൽ മൂന്ന് അഥവാ മൂന്നിൽ ഒന്ന്. ദൈവം ഏകനാണ് എന്നാൽ ആ ഏകത്വത്തിൽ പുത്രനായ ദൈവവും പരിശുദ്ധാത്മാവായ ദൈവവും കൂടെ ഉൾപ്പെട്ടിരിക്കുന്നു. അത് തെളിയിക്കുവാൻ ബുദ്ധിമുട്ടില്ലാത്ത കാര്യമാണ്. ആ ആശയം ഉൾപ്പെടുത്തിക്കൊണ്ട് പൗലൊസ് പറയുന്ന താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക.

"ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തു കൊൾവിൻ" (എഫെ. 5:20)

''സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടുംകൂടെ നിങ്ങളിൽ വസിക്കട്ടെ. വാക്കിനാലോ ക്രിയയാലോ എന്തുചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ" (കൊലൊ. 3:16).

ദൈവത്രിത്വത്തിൽ ഉൾപ്പെട്ടിരിക്കുന്ന പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ആളത്വങ്ങളും ആരാധനയിൽ മുഴങ്ങുന്ന സങ്കീർത്തനങ്ങൾ, സ്തുതികൾ, ആത്മീക ഗീതങ്ങൾ, കീർത്തനങ്ങൾ, നന്ദി, സ്തോത്രം ഇത്യാദി കാര്യങ്ങളും ഒന്നു ചേർന്നു കാണുന്ന വാക്യങ്ങളാണ് ഇവ. ആരാധന അർപ്പണമാണല്ലോ. ആർക്ക് അർപ്പി

---

ഈ ദൈവം നമ്മോടുകൂടെയുള്ളവനാണ് (The Lord is with His people). നീ ഭയപ്പെടേണ്ടാ ഞാൻ നിന്നോടുകൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ടാ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും. ഞാൻ നിന്നെ സഹായിക്കും. എന്റെ നീതിയുള്ള വലംകൈ കൊണ്ട് ഞാൻ നിന്നെ താങ്ങും (യെശ. 41:10). പഴയനിയമ യിസ്രായേലിനു നൽകിയ വാഗ്ദത്തം പോലെ പുതിയനിയമ വിശ്വാസികൾക്കും ഇത്തരത്തിലുള്ള അനുഗ്രഹീത വാഗ്ദത്തം ഉണ്ട്. ഞാൻ ലോകാവസാനത്തോളം നിങ്ങളോടു കൂടെയുണ്ട്. ദൈവീക സാന്നിദ്ധ്യം നമുക്ക് ആശ്വാസവും ഉത്തേജനവും നൽകുന്നവയാണ്.

ഈ ദൈവം നമ്മുടെ ഉള്ളിൽ ഉണ്ട് എന്നുള്ളത് എത്രയോ ആശ്ചര്യകരമായ സത്യം ((The Lord is within His people). "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസം ചെയ്യും" (യോഹ 14 :23). പൗലൊസ് അപ്പൊസ്തലന്റെ വാക്കുകൾ എത്രയോ വ്യക്തമാണ്. ക്രിസ്തു എന്നിൽ ജീവിക്കുന്നു (ഗലാ. 2:20). ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതുതന്നെ. മനുഷ്യബുദ്ധിക്കു മനനം ചെയ്യാൻ അസാദ്ധ്യമായ ദൈവീക മാർമ്മീക സത്യത്തിനു മുന്നിൽ നമോവാകം ചെയ്യുകയല്ലാതെ നമുക്ക് എന്തു ചെയ്യാൻ കഴിയും.

സ്വർഗ്ഗത്തിലെ ദൈവം തന്റെ മക്കളെ കരുതുന്ന വിധം എത്ര അഗാധം. നാം ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് ചിന്തിക്കാനാണ് നമ്മെ പ്രബോധിപ്പിക്കുന്നത്. ഭൂമിയിലാണ് വാസം എങ്കിലും സ്വർഗ്ഗീയ ചിന്തകൾ നമ്മെ ആശ്വസിപ്പിക്കയും ഉത്സാഹം പകരുകയും ചെയ്യുന്നവയാണ്. സ്വർഗ്ഗം നമുക്കായി തുറക്കുന്ന ദിനം അടുത്തു വരികയാണ്. അന്ന് നാം അവനോടുകൂടെ നിത്യത മുഴുവനും കഴിയും. സ്തോത്രം ഹല്ലേലുയ്യാ. ●

ക്കണം അഥവാ കൊടുക്കണം എന്ന ചോദ്യത്തിന് ഇവിടെ ലഭിക്കുന്ന ഉത്തരം ദൈവവും പിതാവുമായവന് എന്നാണല്ലോ. പിതാവായ ദൈവത്തിന് കൊടുക്കുമ്പോൾ പുത്രനായ ദൈവത്തിന് ഇവിടെ എന്തു പങ്കാണ് ഉള്ളത്. കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ അഥവാ അവൻ മുഖാന്തിരം എന്നും വ്യക്തമാക്കിയിരിക്കുന്നു. പരിശുദ്ധാത്മാവായ ദൈവം എന്തു ചെയ്യുന്നു. ആരാധകനെ പരിശുദ്ധാത്മാവുകൊണ്ടു നിറയ്ക്കുന്നു. എപ്പോൾ ആരാധിക്കണം എന്നു ചോദിച്ചാൽ മറുപടി വ്യക്തം. എല്ലായ്പ്പോഴും അതായത് ആരാധന നിർത്താതെ ചെയ്യേണ്ട ഒന്നാണെന്ന് പറഞ്ഞും കൊണ്ടിരിപ്പിൻ. എന്ന ക്രിയാപ്രയോഗത്തിൽ (Present continuous) കാണുന്നു. ആത്മനിറവിനാൽ ഹൃദയത്തിൽ നിറയുന്ന നന്ദി, സ്തുതി, സ്തോത്രം എന്നിവ അധരഫലമായി വായിലൂടെ വെളിയിൽ വരുന്നു. ചുരിക്കിപ്പറഞ്ഞാൽ ആത്മനിറവിൽ പിതാവിന് പുത്രന്റെ നാമത്തിൽ ഹൃദയം നിറഞ്ഞ നന്ദിയോടെ എല്ലായ്പ്പോഴും അർപ്പിക്കുന്ന അധരഫലമായ സ്തോത്രയാഗമാണ് ആരാധന. മറ്റു ചില വചന ഭാഗങ്ങൾ കൂടി നോക്കുക.

കർത്താവ് ശമര്യാക്കാരത്തിയോട് പറഞ്ഞു. “സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം'' (യോഹ. 4:23) പൗലൊസ് പറയുന്നു. “. . . . ഞാൻ എന്റെ ആത്മാവിൽ ആരാധിക്കുന്ന ദൈവം”(റോമ. 1:10) “നാമല്ലോ പരിച്ഛേദനക്കാർ. ദൈവത്തിന്റെ ആത്മാവുകൊണ്ട് ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നേ” (ഫിലി. 3:2,3).

ദൈവകൃപയുടെ ബഹുത്വത്താൽ വിശ്വാസം മൂലം രക്ഷയുടെ അനുഭവത്തിൽ വന്ന് രക്ഷയുടെ സന്തോഷം അനുഭവിക്കുന്ന ഒരുവനിലേയ്ക്ക് കർത്താവിന്റെ നിറവിൽ നിന്ന് കൃപമേൽ കൃപ പകരുന്നില്ലെങ്കിൽ ആരാധനാവേളയിൽ എങ്ങനെ ആനന്ദം ഉളവാകും. ആരാധനാവേളയിൽ ഉളവാകുന്ന ആനന്ദത്തെക്കുറിച്ച് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക. “ഞാൻ നിനക്കു സ്തുതി പാടുമ്പോൾ എന്റെ അധരങ്ങളും നീ വീണ്ടെടുത്ത എന്റെ പ്രാണനും ഘോഷിച്ചാനന്ദിക്കും” (സങ്കീ. 71:23).

ആരാധനക്കാരന് മനസാക്ഷിയുമായുള്ള ബന്ധത്തെക്കുറിച്ച് നോക്കുമ്പോൾ ആരാധനയിലൂടെ മനസാക്ഷിയിൽ പൂർണ്ണ സമാധാനം കൈവരുന്നു എന്നു കാണുന്നു (എബ്രാ. 9:9). പൗലൊസ് പറയുന്നു “ഞാൻ പൂർവ്വന്മാരുടെ ദൃഷ്ടാന്തം അനുസരിച്ച് നിർമ്മലമനസാക്ഷിയോടെ ആരാധിക്കുന്ന ദൈവം എന്ന്” (2 തിമൊ. 1:4). ആരാധിപ്പാൻ ഒരുവനെ യോഗ്യനാക്കുന്നത് കർത്താവിന്റെ രക്തമാണ്. ആ രക്തം മനസാക്ഷിയിലെ നിർജ്ജീവ പ്രവൃത്തികളെ പോക്കി അവന്റെ മനസാക്ഷിയെ ശുദ്ധീകരിക്കുമ്പോഴാണ് അവൻ ആരാധനയ്ക്ക് യോഗ്യനാകുന്നത് (എബ്രാ. 9:14).

മനസാക്ഷിയിൽ ശുദ്ധീകരണം പ്രാപിച്ച നമുക്ക് ഈ ഭൂമിയിൽ ആയിരിക്കുന്ന കാലത്തോളം നിർമ്മല മനസാക്ഷിയോടെ ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ (2 കൊരി. 1:3) – നമ്മുടെയും പിതാവ് ഈ ദൈവം തന്നെ–(യോഹ. 20:17) – അതേ ആത്മാവാകുന്ന ദൈവത്തെ തന്നെ (യോഹ. 4:24) കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ (എഫെ. 4:24) നമ്മുടെ ആത്മാവിൽ (റോമ. 1:10) നമ്മിൽ വസിക്കുന്ന (1 കൊരി. 3:16) ദൈവത്തിന്റെ ആത്മാവുകൊണ്ട് (ഫിലി. 3:3) ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരുന്ന് (എഫെ. 5:21) ആത്മനിറവോടെ (എഫെ. 5:20) നമ്മുടെ പ്രാണനും അധരങ്ങളും ഘോഷിച്ചാനന്ദിക്കുംവിധം (സങ്കീ. 71:23) എല്ലായ്പ്പോഴും സ്തോത്രം അർപ്പിച്ച് ആരാധിക്കാം. വശ്യമായ പദപ്രയോഗങ്ങളിൽ കടിച്ചുതൂങ്ങി വഴക്കടിക്കാൻ ഇനിയും സമയമില്ലല്ലോ. കർത്താവ് വാതിൽക്കൽ തന്നെ ആയിരിക്കുന്നു.

നിത്യതയിൽ അവന്റെ ദാസന്മാരായ നമുക്ക് ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ ഇരിക്കുന്നവനെ അവന്റെ മുഖം കണ്ട് ആരാധന തുടരാം (വെളി. 22:8). ഇവിടെ ‘അവൻ’ എന്ന ഏകവചന സർവ്വനാമരൂപമാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ ‘അവൻ’ ആരാണെന്ന് ചിന്തിക്കുവാനും മനസ്സിലാക്കുവാനുമുള്ള സ്വാതന്ത്ര്യം വായനക്കാരായ പ്രിയ സഹോദരന്മാർക്ക് വിട്ടു കൊടുക്കുന്നു. പ്രായോഗിക ക്രിസ്തീയ ജീവിതത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പ്രബോധിപ്പിച്ചെഴുതുന്ന യാക്കോബിന്റെ വാക്കുകളും ഓർക്കുക. “സഹോദരന്മാരെ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്. ഇതാ ന്യായാധിപതി പടിവാതിൽക്കൽ നിൽക്കുന്നു” (യാക്കോ. 5:9). (തുടരും)

# വെളിപാടു പുസ്തകം – ഒരു പഠനം 4

ഡോ. ഒ. എം. ശമുവേൽ

"യോഹന്നാൻ ആസ്യയിലെ 7 സഭകൾക്ക് എഴുതുന്നത്: "ഇരിക്കുന്നവനും ഇരുന്നവനും വരുവാനുള്ളവനുമായവങ്കൽ നിന്നും അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള 7 ആത്മാക്കളുടെ പക്കൽനിന്നും വിശ്വസ്ത സാക്ഷിയും മരിച്ചവരിൽ ആദ്യജാതനും ഭൂരാജാക്കന്മാർക്ക് അധിപതിയും ആയ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ" (1:4–6).

ആസ്യയിലെ 7 സഭകൾക്കുള്ള വന്ദനവാക്യമാണ് നമ്മുടെ ചിന്താവിഷയം. എന്തുകൊണ്ടാണ് ആസ്യയിലെ 7 സഭകൾക്കു മാത്രം ഇങ്ങനെയുള്ള വന്ദനവാക്യം. ഈ 7 സഭകൾ 7 പ്രാദേശിക സഭകളാണ്. ആഗോളസഭയല്ല. ഏഷ്യാമൈനറിലെ ആസ്യപ്രവിശ്യയിലെ 7സഭകൾക്കാണ് വന്ദനവാക്യം എങ്കിലും ലോകത്തിലുള്ള എല്ലാ പ്രാദേശിക സഭകളെയും ഇതിൽ ഉൾപ്പെടുത്തുന്നതിൽ തെറ്റില്ല. തുടർന്നുള്ള 7 സഭകൾക്ക് കർത്താവ് നൽകുന്ന സപ്തസന്ദേശങ്ങൾ 7 സഭകൾക്കുവേണ്ടി മാത്രമല്ല. ആ സഭാ സന്ദേശങ്ങൾ ഇന്നുള്ള പ്രാദേശിക സഭകൾക്കും ബാധകമാണ്. നിശ്ചയമായും ആസ്യയിൽ വേറെ സഭകളും ഉണ്ടായിരുന്നു എന്നുള്ളത് വ്യക്തമാണ്. എന്നാൽ ഏഴു സഭകളെ പ്രാതിനിദ്ധ്യസ്വഭാവമുള്ള സഭകളായി പരിഗണിക്കുന്നതായിരിക്കും നല്ലത്. 7 പൂർണ്ണതയുടെ സംഖ്യയാണല്ലോ? ദൈവസഭയുടെ പൂർണ്ണതയെ പ്രകടമാക്കുന്നതിനുവേണ്ടിയാണ് 7 സഭകളെ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നത്.

ഈ വന്ദനവാക്യം ആരിൽ നിന്നാണ് എന്നുള്ളത് പ്രത്യേകം പഠനാർഹമാണ്. ത്രിത്വത്തിലെ മൂന്നംഗങ്ങളിൽ നിന്നുമാണ് വന്ദനവാക്യം. അതിൽത്തന്നെ ഇത് ശ്രദ്ധാർഹമായ ഒരു സത്യമാണ്. ആദ്യം പിതാവായ ദൈവത്തിൽ നിന്നുള്ളതാണ്. പിതാവായ ദൈവത്തെ വിവരിച്ചിരിക്കുന്നത് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായവൻ എന്നാണ്. കാലത്രയങ്ങളെ ബന്ധിക്കുന്ന നിത്യനായ ദൈവത്തെയാണ് ഇവിടെ വിവക്ഷിക്കുന്നത്. മനുഷ്യൻ സമയത്തിന് അധീനനാണ്. എന്നാൽ വലിയവനായ ദൈവം തൃകാലത്തിനും അധീനനാണ്. അങ്ങനെയുള്ള നിത്യനും സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവത്തിൽനിന്നുള്ളതാണ് ആശംസാവാക്യം.

അടുത്തത് ഏഴാത്മാക്കളിൽ നിന്നുള്ള ആശംസയാണ്. ആരാണ് ഈ 7 ആത്മാക്കൾ? ചിലരുടെ അഭിപ്രായത്തിൽ 7 ദൂതന്മാരാണെന്നാണ്. എന്നാൽ ദൈവദൂതന്മാർക്ക് ഗ്രീക്കിലെ Pnuema എന്ന വാക്ക് സാധാരണ ഉപയോഗിക്കാറില്ല. മാത്രമല്ല പിതാവായ ദൈവത്തിനും യേശുക്രിസ്തുവിനും സമനായി ആശംസയർപ്പിക്കുന്നതിൽ ദൂതന്മാരെ ഉൾപ്പെടുത്തുക സാമാന്യബുദ്ധിക്കു നിരക്കാത്ത ഒരു സംഗതിയാണ്. അതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ത്രിത്വത്തിലെ മൂന്നാമംഗമായ പരിശുദ്ധാത്മാവിനെയാണ്. അങ്ങനെയെങ്കിൽ ആ ആത്മാവിനെ ആത്മാക്കൾ എന്ന ബഹുവചന രൂപത്തിൽ പരാമർശിച്ചിരിക്കുന്നതിന്റെ ഔചിത്യം എന്താണ്. യെശ. 11-ാം അദ്ധ്യായത്തിൽ പ്രവാചകൻ പരിശുദ്ധാത്മാവിനെക്കുറിച്ച് പറയുമ്പോൾ പരിശുദ്ധാത്മാവിന്റെ ബഹുവിധ ശുശ്രൂഷകളെ ഏകോപിപ്പിച്ചു പറയുന്ന ഭാഗം ശ്രദ്ധേയമാണ്. "അവന്റെ മേൽ യഹോവയുടെ ആത്മാവ് ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവും ആലോചനയുടെയും ബലത്തിന്റെയും ആത്മാവ് പരിജ്ഞാനത്തിന്റെയും യഹോവ ഭക്തിയുടെയും ആത്മാവ് തന്നെ.'' ഒരേ ആത്മാവിന്റെ തന്നെ ബഹുവിധ ശുശ്രൂഷകളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രയോഗമാണിത്. പരിശുദ്ധാത്മാവ് ഏകൻ തന്നെ. ശുശ്രൂഷകളോടുള്ള ബന്ധത്തിൽ ബഹുമുഖശുശ്രൂഷകൾ ചെയ്യുന്നു എന്നു മാത്രം. അങ്ങനെ വന്ദനവാക്യത്തിന്റെ രണ്ടാമത്തെ സ്രോതസ്സ് പരിശുദ്ധാത്മാവ് തന്നെ.

മൂന്നാമത് യേശുക്രിസ്തുവിൽ നിന്നുള്ള ആശംസാവാക്കുകളാണ്. യേശുക്രിസ്തുവിന്റെ 3 വിശേഷണങ്ങൾ ശ്രദ്ധിക്കുക. **വിശ്വസ്ത സാക്ഷി;** യേശുക്രിസ്തു പിതാവായ ദൈവത്തിന്റെ സത്യസാക്ഷിയാണ്. ഇവനെന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു പിതാവായ ദൈവത്തിന്റെ അംഗീകാരത്തിന്റെ വാക്കുകൾ നാം മറക്കരുത്. യേശുക്രിസ്തു സത്യത്തിന് സാക്ഷ്യം നിൽക്കുന്നവനാണ്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പിതാവായ ദൈവത്തിന്റെ മഹത്വം മാത്രം ലാക്കാക്കിയുള്ള പ്രവർത്തനശൈലിയുടെ ഉടമ കർത്താവ് വിശ്വസ്ത സാക്ഷി തന്നെ. അടുത്ത വിശേഷണം **മരിച്ചവരിൽ ആദ്യജാതൻ** എന്നാണ്. ഇത് യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലേക്ക് വിരൽചൂണ്ടുന്ന പ്രസ്താവനയാണ്. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു മുമ്പ് പഴയനിയമത്തിലും പുതിയനിയമത്തിലും പലരും ഉയിർത്തെഴുന്നേറ്റിട്ടുണ്ട്. കർത്താവ് തന്നെ തന്റെ പരസ്യശുശ്രൂഷയുടെ സമയത്ത് ചിലരെ ഉയിർത്തെഴുന്നേല്പിച്ചിട്ടുണ്ട്. പിന്നെങ്ങനെ യേശു

# ക്രിസ്തീയ ശിഷ്യത്വം –3

Dr. Silas C. Nair, Ernakulam

**ശിഷ്യന്റെ പാന്ഥാവ്**

ശീമോനെയും അന്ത്രെയൊസിനെയും അവർ മീൻ പിടിക്കുമ്പോഴാണ് യേശു വിളിച്ചത്. "എന്നെ അനുഗമിപ്പിൻ, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും" എന്നു പറഞ്ഞു (മർക്കൊസ് 1:17). ഈ വിളി ആദ്യമായി അവരെ അയയ്ക്കുന്നതിനു മുമ്പെ തന്നോടുകൂടെ ഇരിപ്പാനാണ് (മാർക്കൊസ് 3:14). എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ എന്നാണ് യജമാനൻ പറഞ്ഞത് (യോഹ. 12:26). ശിഷ്യന്റെ മാതൃക ഗുരുവാണ്. ക്രിസ്തീയ ശിഷ്യത്വം ഏതാനും ഉപദേശങ്ങൾ പഠിപ്പിക്കുക എന്നതല്ല, പ്രത്യുത ജീവൻ നൽകുന്നതുമാണ്. ചിലപ്പോൾ വഴി ബുദ്ധിമുട്ടുകൾ നിറഞ്ഞതാവാം. എന്നാൽ ഗുരു പോകാത്തിടത്തൊന്നും തന്റെ ശിഷ്യനെ അയയ്ക്കുകയുമില്ല. യേശു പോയവഴി ഫലപ്രദമായ ഒരു പഠനമാണ്.

**1) സമർപ്പണം** – മത്തായി 3:15; യോഹ 12:24–26. യേശുക്രിസ്തു തന്റെ ശുശ്രൂഷ തുടങ്ങിയത് താൻ ന്യായപ്രമാണം അനുശാസിക്കുന്ന സകല നീതിയും നിവർത്തിക്കുന്നത് ഉചിതം എന്ന് അരുളിചെയ്തുകൊണ്ടാണ് (മത്തായി. 10.39; 16.24; ലൂക്കൊസ് 9:23; 14:26,27). അവൻ സ്വന്തത്തിലേക്ക് (യഹൂദന്മാരുടെ അടുത്തേയ്ക്ക്) വന്നവനാണ് എന്നറിഞ്ഞുകൊണ്ട്, ന്യായപ്രമാണം അനുശാസിക്കുന്ന നീതി നിവർത്തിച്ചു കൊണ്ടാണ്. ഒന്നാമത്തെ ആദം ദൈവത്തിന്റെ കല്പന ആദരിച്ചില്ലെന്നു മാത്രമല്ല ധിക്കരിക്കുകകൂടെ ചെയ്തു. ചെയ്യേണ്ടത് ചെയ്യാതിരിക്കുകയും അരുതാത്തത് ചെയ്കയും ചെയ്തു. ന്യായപ്രമാണം നീക്കുവാനല്ല നിവർത്തിപ്പാനാണ് താൻ വന്നതെന്നറിഞ്ഞ് യേശു സ്വയം പ്രമാണത്തിനു വിധേയനാകുന്നു.

യേശുക്രിസ്തു മഹാപുരോഹിതനാണ്. ലേവി ഗോത്രത്തിൽ നിന്നല്ല, യഹൂദഗോത്രത്തിൽനിന്നും മല്ക്കീസദേക്കിന്റെ ക്രമപ്രകാരമുള്ളവൻ. പുരോഹിതൻ ശുശ്രൂഷ ആരംഭിക്കുമ്പോൾ അവന് 30 വയസ്സാകണം (സംഖ്യ. 4:3). യേശുവിന് താൻ പ്രവൃത്തി ആരംഭിക്കുമ്പോൾ ഏകദേശം 30 വയസ്സായിരുന്നു (ലൂക്കൊസ് 3:23). യിസ്രായേലിലെ വേറൊരു ഔദ്യോഗിക പദവിക്കും ഈ പ്രായപരിധി നിശ്ചയിച്ചിരുന്നില്ല. അതുകൊണ്ട് മോശെയുടെ ന്യായപ്രമാണപ്രകാരം യേശുക്രിസ്തു പുരോഹിതൻ എന്നുള്ള നിലയിൽ ശുശ്രൂഷ തുടങ്ങുമ്പോൾ ഈ സമർപ്പണം ആവശ്യമാണ്. അങ്ങനെ ന്യായപ്രമാണത്തിലെ നീതി അവൻ ഇവിടെ നിവർത്തിക്കുന്നു.

തന്നെ അനുഗമിക്കുന്നവരോട് യേശു പറഞ്ഞു. "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെ

---

ക്രിസ്തു മരിച്ചവരിൽ ആദ്യജാതനായി പുനഃരുത്ഥാനം ചെയ്തു എന്നു പറയാം. പഴയനിയമത്തിലും പുതിയനിയമത്തിലും ഉയിർത്തെഴുന്നേറ്റവർ എല്ലാം തന്നെ വീണ്ടും മരിച്ചിട്ടുണ്ട്. എന്നാൽ യേശുക്രിസ്തു മരിക്കാൻ സാധിക്കാത്ത പുനഃരുത്ഥാന (തേജസ്കരിക്കപ്പെട്ട)ശരീരത്തിൽ ഉയിർത്തെഴുന്നേറ്റ ആദ്യവ്യക്തിയാണ്. മരിച്ചവരിൽ നിന്ന് എന്നുപറഞ്ഞാൽ മരിച്ചവരുടെ മദ്ധ്യത്തിൽ നിന്ന് എന്നാണർത്ഥം. മരിച്ച അനേകായിരങ്ങൾ അവരുടെ ശവകുടീരങ്ങളിൽ അന്ത്യവിശ്രമം ചെയ്യുമ്പോൾ അവരുടെ മദ്ധ്യത്തിൽ നിന്നാണ് യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റത്. യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ നമുക്കും ലഭിക്കുന്ന ശരീരം ക്രിസ്തുവിന്റെ ശരീരംപോലുള്ള തേജസ്കരിക്കപ്പെട്ട ശരീരം. നാമും മരിച്ചവരുടെ മദ്ധ്യത്തിൽ നിന്നായിരിക്കും പുനരുത്ഥാനം ചെയ്യുന്നത്. നമ്മുടെ സമീപത്തുള്ള കല്ലറകളിൽ വിശ്രമിക്കുന്നവർ ഈ സമയം ഉയിർത്തെഴുന്നേല്ക്കുകയില്ല. അവർക്കും പുനരുത്ഥാനമുണ്ട്. സഹസ്രാബ്ദവാഴ്ചയ്ക്കു ശേഷം. അടുത്തവിശേഷണം **ഭൂരാജാക്കന്മാർക്ക് അധിപതിയായവൻ**. യേശുക്രിസ്തു ഒരുവൻ മാത്രമാണ് രാജാവായി ഭൂമിയിൽ ജനിച്ചത്. മറ്റുള്ള രാജാക്കന്മാരും ഭരണാധിപന്മാരും ജനനാനന്തരം അധികാരം ലഭിച്ചവർ ആയിരുന്നു. അവൻ രാജാധിരാജാവും കർത്താധി കർത്താവുമാണ്. യേശുക്രിസ്തു ഭൂരാജാക്കന്മാർക്ക് എല്ലാം അധിപതിയാണ്. ഇങ്ങനെയുള്ള വ്യക്തിത്രയങ്ങളിൽ നിന്നാണ് സഭയ്ക്ക് കൃപയും സമാധാനവും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നത്. അർഹമായതു തരാതെ അനർഹമായവ നൽകി ദൈവം തന്റെ കൃപാ കടാക്ഷം നമ്മുടെ മേൽ പതിച്ചു. കൃപയാലുള്ള രക്ഷ നാം അനുഭവിക്കുന്നവരാണ്. അങ്ങനെയുള്ള ദൈവജനത്തിന് ഓരോ ദിവസവും അവന്റെ കൃപ ആവശ്യമാണ്. അതുപോലെ സമാധാനമറ്റ ലോകത്തിൽ ദൈവത്തോടു സമാധാനവും ദൈവസമാധാനവും ഉള്ളവരായി നാം ജീവിക്കുന്നു. സഭ എവിടെയുള്ളതായാലും കൃപയും സമാധാനവും ഉള്ളവരായി നാം ജീവിക്കുന്നു. സഭ എവിടെയുള്ളതായാലും കൃപയും സമാധാനവും അത്യന്താപേക്ഷിതമാണ്. പൗലൊസ് അപ്പൊസ്തലന്റെ ലേഖനങ്ങളിലും ഇതേ ആശംസാവാക്കുകൾ ലേഖനങ്ങളുടെ പ്രാരംഭത്തിൽ നാം കാണുന്നു.
(തുടരും)

ങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും. തന്നെത്താൻ നിഷേധിച്ചു. നാൾതോറും തന്റെ ക്രൂശെടുത്തുംകൊണ്ട് എന്നെ അനുഗമിക്കട്ടെ എന്നാണ് ഗുരു കല്പിച്ചിട്ടുള്ളത് (ലൂക്കൊസ് 9:23). ഇത് ഒരിക്കലായിട്ടുള്ള സമർപ്പണം മാത്രമല്ല, നാൾതോറുമുള്ള സമർപ്പണവുമാണ്. ചിലപ്പോൾ സ്വന്ത ഭവനക്കാർ തന്നെയാകും എതിരാളി. ശിഷ്യത്വത്തിന്റെ പ്രാഥമിക പാഠം "സ്വയ"ത്തിന്റെ മരണമാണ്, നിഷേധമാണ്.

യേശുവിനെ അനുഗമിപ്പാൻ വിളിക്കപ്പെട്ട ഒരു വ്യക്തിയെ എനിക്കറിയാം. ആദ്യം അവൻ ഉത്സാഹിയായിരുന്നെങ്കിലും തന്റെ ഭാര്യയും മക്കളും കാരണം ശിഷ്യൻ എന്നുള്ള പദവി അവൻ ഉപേക്ഷിച്ചു. അവർ കഷ്ടപ്പെടുന്നതു കാണാൻ അവന് കഴിഞ്ഞില്ല. ഭാര്യ ദീനം പിടിച്ച് മരണത്തിന്റെ വക്കോളമായി. അവൻ തന്റെ കുറ്റങ്ങളെ ഏറ്റുപറഞ്ഞ് ദൈവത്തോട് പ്രാർത്ഥിച്ചു. പുനപ്രതിഷ്ഠ ചെയ്തു. തന്റെ അളവറ്റകരുണയാൽ കർത്താവ് അത്ഭുതകരമായി ഇടപെട്ട് ഭാര്യയുടെ രോഗം സൗഖ്യമാക്കി. അനുഗമിക്കുവാൻ യോഗ്യനാണ് കർത്താവ് എന്ന് തന്റെ ജീവിതംകൊണ്ട് അവൻതെളിയിച്ചു.

**2. പരിശോധന** (മത്തായി 4:1-11; 1 പത്രൊസ് 4:12)മരുഭൂമിയിലെ പരിശോധന ഒരു ശിഷ്യൻ അതിജീവിക്കണം. കർത്താവുകടന്നുപോയ വേറൊരു സ്ഥലമാണിത്. സ്നാനാനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻ യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നടത്തി. അവൻ 40 പകലും 40 രാവും ഉപവസിച്ച ശേഷം അവനു വിശന്നു. ആദ്യത്തെ പരിശോധന കല്ലിനെ അപ്പമാക്കിത്തീർക്കുവാനായിരുന്നു.

മനുഷ്യൻ ദൈവത്തിൽ ആശ്രിതനാണ്. സമ്പൂർണ്ണദൈവവും സമ്പൂർണ്ണമനുഷ്യനുമാണല്ലൊ യേശുക്രിസ്തു. കല്ലിനെ അപ്പമാക്കുവാനുള്ള പരീക്ഷ ഒരു സാധാരണ മനുഷ്യനു വരികയില്ല. യേശുക്രിസ്തുവിലുള്ള ദൈവത്വം തന്നിലുള്ള മനുഷ്യത്വത്തിന്റെ സഹായത്തിനു വരുവാനുള്ള പരീക്ഷയാണിത്. പാപമൊഴികെ മനുഷ്യർക്ക് തുല്യനാണ് യേശു. മനുഷ്യന് ദൈവം നൽകിയിട്ടുള്ള മാർഗ്ഗങ്ങൾ മാത്രമെ അവന്ന് ഉപയോഗിക്കുവാൻ അനുവാദമുള്ളൂ. മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ലല്ലോ ജീവിക്കുന്നത്. ഈ തിരുവചനം കൊണ്ട് യേശു ഒന്നാമത്തെ പരീക്ഷ ജയിച്ചു.

കണ്മോഹം, ജീവനത്തിന്റെ പ്രതാപം എന്നീ പരീക്ഷകളും കർത്താവു ജയിച്ചു. യേശുക്രിസ്തുവിനെ പിന്തുടരുന്ന ശിഷ്യനും ഈ പരീക്ഷകൾ നേരിടേണ്ടി വരും. നമ്മുടെ ആദ്യപിതാക്കൾ അനുകൂലമായ പരിസ്ഥിതിയിൽ ഈ പരീക്ഷകളിൽ വീണുപോയി. കണ്മോഹം ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മേഖലകളിൽ പരീക്ഷകൾ നമ്മെ വീണ്ടും നേരിടുവാൻ സാദ്ധ്യതയുണ്ട്. നിത്യേനയുള്ള ആഹാരത്തിനായിരിക്കാം. നമ്മുടെ ആവശ്യങ്ങളെ മറ്റുള്ളവരോട് അറിയിക്കുവാൻ, അതിന്നുവേണ്ടി അപേക്ഷകൾ അയയ്ക്കുവാൻ, പരിശോധന നമ്മൾക്കുണ്ടാകാം. ഗുരുവിന് അപമാനം വരുന്ന രീതികൾ നാം സ്വീകരിക്കണമോ? വിളിച്ചവൻ വിശ്വസ്തനാണെന്ന് വിശ്വസിക്കുവാൻ വിഷമമാണോ? കർത്താവിലുള്ള ആശ്രയം കൈവിടണമോ? നമ്മൾക്ക് കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ സഹിപ്പാൻ കഴിയേണ്ടതിനു പരീക്ഷയോടുകൂടെ പോക്കുവഴിയും ഉണ്ടാക്കും എന്നുള്ള വാഗ്ദത്തം നമ്മൾക്കില്ലയോ?

ഏലിയാവിന്റെ ജീവിതം ഒരു മകുടോദാഹരണമാണ്. ദേശത്തു ക്ഷാമമുണ്ടായപ്പോൾ അവനോട് കെരീത്ത് തോടിന്നരികെ പോകുവാൻ കല്പിച്ചു. അവിടെ അപ്പവും ഇറച്ചിയും കൊടുക്കുവാൻ കാക്കയോടു കല്പിച്ചു. തോട്ടിലെ വെള്ളം വറ്റിയപ്പോൾ സരഫാത്തിലെ വിധവയുടെ അടുക്കൽ ചെല്ലുവാനാണ് കല്പന വന്നത്. അവൾ മുഖാന്തിരം അവനെ പോറ്റി. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല.

ഞാൻ നേരത്തെ സൂചിപ്പിച്ച സഹോദരൻ ബൈബിൾ സ്കൂളിൽ ആയിരുന്നപ്പോൾ വളരെ ഞെരുക്കത്തിലായി. മറ്റു സഹപാഠികൾ ചെയ്യുന്നതുപോലെ തന്റെ ആവശ്യങ്ങൾക്കായി അപേക്ഷകൾ അയയ്ക്കുവാനുള്ള പരിശോധന അവനുണ്ടായി. പക്ഷേ കർത്താവ് അവനെ തടുത്തു. അവന്റെ ആവശ്യങ്ങൾ തക്കസമയത്ത് നിറവേറ്റുകയും ചെയ്തു.

നാം ഏകനായി നിൽക്കേണ്ടിവരുമ്പോൾ പരിശോധന കലശലാണ്. ഒരു കൂട്ടത്തോടുകൂടെ ഒരുമിച്ചു പോകുവാൻ എളുപ്പമാണ്. compromise ചെയ്യുകയും ചെയ്യും. ബാലിന്റെ പ്രവാചകന്മാർ ഉപദ്രവിക്കുവാൻ തുടങ്ങിയപ്പോൾ മീഖായാവ് തനിയെ ആയിരുന്നു ( 1 രാജാ 22: 5-18). പക്ഷേ തന്റെ ശുശ്രൂഷയിൽ താൻ പതറിയില്ല. യഹോവയോടുകൂടെ നിന്നു. യഹോവ അവനോടു കൂടെ ഉണ്ടായിരുന്നു.

കണ്മോഹം ജഡമോഹം, ജീവനത്തിന്റെ പ്രതാപം എന്നീ മണ്ഡലങ്ങളിൽ എത്രപേർ വീണുപോയി. യോസേഫ്, പോത്തിഫറിന്റെ വീട്ടിൽ നിന്ന് ഓടിയാണ് രക്ഷപെട്ടത് (ഉല്പത്തി. 39:12). താൻ വളരെ യാതന അനുഭവിച്ചുവെങ്കിലും യഹോവ അവനോടുകൂടെ ഇരുന്ന് അവനു ജയം നൽകി.

നമ്മുടെ കർത്താവ് പാപമൊഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ടു. ഇന്നു നമ്മളെ കരുതുവാൻ, നമ്മോടു സഹതാപം കാണിപ്പാൻ കഴിവുള്ളവനാണ്. അതുകൊണ്ട് തക്കസമയത്ത് കൃപപ്രാപിക്കേണ്ടതിന് കൃപാസനത്തിനടുത്തു ചെല്ലാം. (എബ്രാ. 4:14-16). പരിശോധനക്കപ്പുറം ജയം നിശ്ചയമാണ് എന്നോർക്കുക. (തുടരും)

# പ്രായോഗിക ക്രിസ്തീയ ജീവിതം –5

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

## സൽപ്രവൃത്തി

ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പീൻ എന്നു ഫിലി. 2:13ൽ കാണുന്നു. അത് ആത്മരക്ഷയുടെ കാര്യമല്ല. നരകത്തിൽ വീഴാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് വലിയ രക്ഷയാകുന്നു. എന്നാൽ ദൈവം നമ്മെക്കുറിച്ച് പിന്നെയും ചിലത് ആഗ്രഹിക്കുന്നു. ആത്മരക്ഷ പ്രാപിച്ചിരിക്കുന്ന നാം പ്രവർത്തിക്കുന്നവരാകണം. അതിനു നമ്മെ സഹായിക്കുന്നത് ദൈവമാണ്. ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നമ്മിൽ ദൈവമാണ് തിരുവുള്ളമുണ്ടായിട്ടു പ്രവർത്തിക്കുന്നത്. പിറുപിറുപ്പും വാദവും കൂടാതെ പരമാർത്ഥികളായും നിഷ്കളങ്കരായും ജീവിക്കണം. ദൈവവചനം പ്രമാണിച്ചുകൊണ്ട് ഓടുകയും അദ്ധ്വാനിക്കയും പ്രവർത്തിക്കയും ചെയ്യുന്നവർക്ക് ക്രിസ്തുവിന്റെ നാളിൽ പ്രശംസ ഉണ്ടാകും.

വിശ്വാസി ഈ ലോകത്തിനനുരൂപമാകരുത്. അവന്റെ ശരീരത്തെ ദൈവത്തിനു പ്രസാദമാകും വിധം സൂക്ഷിച്ചുകൊണ്ട് നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു മനസ്സിലാക്കി ജീവിക്കണം. നന്മപ്രവർത്തികൾ സ്ഥിരമായി ചെയ്തുകൊണ്ട് അതിൽ മാനം അന്വേഷിക്കുന്നവർക്ക് അവരുടെ പ്രവർത്തിക്കു തക്ക പ്രതിഫലം ലഭിക്കും. അവൻ ഓരോരുത്തനും അവനവന്റെ പ്രവർത്തിക്കു പകരം ചെയ്യും. നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്വവും മാനവും ലഭിക്കും. നാം ശത്രുക്കൾ ആയിരുന്നപ്പോൾ ദൈവപുത്രന്റെ മരണത്താൽ ദൈവത്തോടു നിരന്നുവെങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. ഇന്നു നാം ജീവിക്കുന്നത് ക്രിസ്തു നമ്മിൽ ജീവിക്കുന്നതിനാലാണ്. ക്രിസ്തുവിന്റെ ജീവൻ നമ്മിൽ ഉള്ളതിനാൽ ആ ക്രിസ്തീയ ജീവിതംകൊണ്ട് നാം എത്ര അധികമായി രക്ഷിക്കപ്പെടും. ഇവിടെയും പറയുന്ന രക്ഷ എന്നത് ആത്മരക്ഷയല്ല. ക്രിസ്തുവിന്റെ മരണത്താൽ നമുക്ക് ദൈവത്തോട് നിരപ്പു ലഭിച്ചത് നമ്മുടെ ആത്മരക്ഷയാണ്. ക്രിസ്തുവിന്റെ ജീവനാൽ നാം ഇന്നും പ്രവർത്തിക്കുന്നു. നാം ചെയ്യുന്ന സൽപ്രവർത്തികൾ രക്ഷിക്കപ്പെട്ട നമുക്ക് അധികം മാനത്തിനും തേജസ്സിനും സമൃദ്ധിയായ ജീവനും കാരണമായിത്തീരും. ഇവ നിത്യതയിൽ വെച്ചു മാത്രമേ നമുക്ക് അനുഭവവേദ്യമാകുകയുള്ളൂ. വിശ്വാസത്താൽ അഥവാ പ്രത്യാശയാൽ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു. ഇന്നു നാം ആത്മരക്ഷയ്ക്കായി പ്രത്യാശിച്ചുകൊണ്ട് ക്ഷമയോടെ കാത്തിരിക്കുന്നു. അതിന്റെ സാരം; നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷയെ നാം യഥാർത്ഥരൂപത്തിൽ അനുഭവവേദ്യമാക്കിയിട്ടില്ല. അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു (റോമർ 8:25). ആ രക്ഷയിൽ ശരീരാത്മദേഹികളുടെ സമ്പൂർണ്ണ രക്ഷ നിക്ഷിപ്തമായിരിക്കുന്നു. അപ്പോൾ വിശ്വാസി ഈ ലോകത്തിൽ കർത്താവിൽ ജീവിച്ചുകൊണ്ട് പ്രവർത്തിക്കുന്ന എല്ലാ സൽപ്രവർത്തികളുടെയും പ്രതിഫലങ്ങൾ അടങ്ങിയ രക്ഷയാണ് പ്രാപിക്കുന്നത്. അങ്ങനെ ലഭിക്കുന്ന രക്ഷയിൽ തേജസ്സിനും മാനത്തിനും അളവിനും വ്യത്യാസമുണ്ടായിരിക്കും. ഈ രക്ഷയെക്കുറിച്ച് നാം വായിക്കുന്നത് “നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു” എന്നാണ് (റോമർ 13:11). ആത്മരക്ഷ നമുക്ക് ലഭിച്ചു കഴിഞ്ഞു. അപ്പോൾ ലഭിച്ചപരിശുദ്ധാത്മാവെന്ന അച്ചാരത്താൽ ശരീരരക്ഷയും അഥവാ പുത്രത്വം ലഭിക്കും എന്ന ഉറപ്പും നൽകി. “നമുക്കുവേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനായി നമ്മെ നിയമിച്ചിരിക്കുന്നു (1 തെസ്സ. 5:10). രക്ഷിക്കപ്പെട്ടവരുടെ സൽപ്രവർത്തിക്കു ലഭിക്കുന്ന പ്രതിഫലങ്ങളും തേജസ്സും മാനവും ലഭിക്കുന്നത് കർത്താവിന്റെ വരവിലാണ്.

വിശ്വാസികളായ നമ്മെക്കുറിച്ച് എഴുതിയിരിക്കുന്നത് നാം രക്ഷ പ്രാപിപ്പാനുള്ളവർ എന്നാണ് (എബ്രാ. 1:14). അതിന്റെ അർത്ഥം; ശരീര രക്ഷ എന്നതാണ്. അതിന്നായി കാത്തുനിൽക്കുന്നവരായ നമ്മുടെ രക്ഷയ്ക്കായി കർത്താവായ യേശുക്രിസ്തു രണ്ടാമത് പ്രത്യക്ഷനാകും (എബ്രാ. 9:28). നമുക്കായി രക്ഷ മുൻകരുതിയിരിക്കുന്നു (എബ്രാ. 11:40). നമ്മുടെ കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വന്നു നമ്മുടെ താഴ്ചയുള്ള ശരീരത്തെ അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തിരപ്പെടുത്തും. അതിന്നായി നാം കാത്തിരിക്കുന്നു (ഫിലി. 3:20,21). ആത്മാവ് ജീവൻ പ്രാപിച്ചതാണ്. ശരീരം ജീവൻ പ്രാപിച്ചിട്ടില്ല, അത് പ്രാപിക്കും (റോമർ 8:10,11). മർത്യമായത് അമർത്യത്തെ ധരിക്കണം (1 കൊരി. 15:53). നാം വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവരാണ് (റോമർ 5:1), എങ്കിലും ശരീര രക്ഷയോടുകൂടെയാണ്. ഇവയെല്ലാം സമ്പൂർണ്ണമാകുന്നത്. നീതി ലഭിക്കും

# ആത്മീകനും ജഡികനും

വിൽസൺ വർഗീസ്, തണ്ണിത്തോട്

**ആ**ത്മീയ ലോകത്തിൽ കാണുന്ന 2 കൂട്ടരാണ് ആത്മീകനും ജഡികനും. പ്രാദേശിക സഭകളിലും ഈ 2 കൂട്ടങ്ങളെ നമുക്ക് കാണുവാൻ സാധിക്കും. ഇവരെ പെട്ടെന്ന് വേർതിരിച്ചറിയാൻ പ്രയാസമാണ്. ചില പ്രത്യേക സാഹചര്യത്തിൽ ഇവരുടെ പ്രവർത്തിയിലൂടെ മാത്രമേ ഇവരെ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ആത്മീകൻ ദൈവാത്മ നിയന്ത്രണത്തിൽ ജീവിക്കുമ്പോൾ ജഡികനാകട്ടെ ആത്മീയ ദർശനമില്ലാതെ കേവലം ജഡത്തെ അനുസരിച്ച് ജീവിക്കുന്നവൻ ആകുന്നു. തിരുവചനത്തിൽ ഇതിന് ദൃഷ്ടാന്തമായി അനേകം വ്യക്തികളുണ്ട്. അബ്രഹാമിന്റെയും ലോത്തിന്റെയും ചരിത്രം ഉത്തമ ഉദാഹരണമത്രേ. ഭാവി പ്രത്യാശയോടെ യാത്ര തുടരുന്ന വിശ്വാസികൾ ജഡമോഹങ്ങളിൽ ലയിച്ചു കഴിയുന്ന ജഡികനെ വേർതിരിച്ചറിയുകയും അവരിൽ നിന്ന് ഒഴിഞ്ഞ് ജീവിക്കേണ്ടതുമാണ്. അബ്രഹാമിന്റെയും ലോത്തിന്റെയും സ്വഭാവം നാം പഠിച്ചാൽ ആത്മീയരുടെയും അനാത്മീയരുടെയും സ്വഭാവം തിരിച്ചറിയുവാനും അവരുടെ പ്രവർത്തനശൈലികളും വേർതിരിച്ച് മനസ്സിലാക്കുവാൻ സാധിക്കും.

**1. ആത്മീകൻ വിളിയുള്ളവനാണ് (ഉല്പത്തി 12:1)**

ദൈവത്തിൽ നിന്നുള്ള വിളി പ്രാപിച്ചവനായിട്ടാണ് അബ്രഹാം മെസപ്പത്തോമിയിലെ കൽദയരുടെ പട്ടണമായ ഊരിൽനിന്നു ദൈവിക ആലോചയ്ക്ക് മുന്നിൽ ശിരസ് നമിച്ച് യാത്ര പുറപ്പെട്ടത്. ദൈവം തന്നോട് കല്പിച്ചതെല്ലാം വിട്ടായിരുന്നു പൂർണ്ണസമർപ്പണത്തോടെ ദൈവം വാഗ്ദത്തം ചെയ്ത ദേശത്തേയ്ക്ക് യാത്ര തിരിച്ചത്. തന്റെ പിതൃഭവനത്തിലുള്ള നിക്ഷേപങ്ങളേക്കാൾ മഹത്തായ അനേക നന്മകൾ ദൈവത്താൽ ലഭ്യമാകും എന്നവൻ വിശ്വസിക്കുകയും ചെയ്തു. മാനുഷീകമായ യാതൊരു പ്രേരണയോ ഭൗതീക കാര്യങ്ങളിലുള്ള താല്പര്യമോ അബ്രഹാമിനെ ഭരിച്ചിരുന്നില്ല. ദൈവവിളി പ്രാപിച്ച ദൈവമക്കൾ "കാഴ്ചയാലല്ല വിശ്വാസത്തോടെ" തന്നെ തങ്ങളുടെ ആത്മീയയാത്ര തുടരേണ്ടതാണ്. വിശ്വാസികൾ സ്വർഗീയവിളി പ്രാപിച്ചവരാണ് (എബ്രാ. 3:1). ആകയാൽ ഭാവി പ്രത്യാശയോടെ വാഗ്ദത്തദേശം വിശ്വാസത്താൽ മുന്നിൽക്കണ്ട് യാത്ര ചെയ്യുന്നവരാകണം. എന്നാൽ ലോത്താകട്ടെ ദൈവിക വിളിയോ ദർശനമോ ഇല്ലാതെ അബ്രഹാമിന്റെ പിന്നാലെ യാത്രപുറപ്പെട്ടു (ഉല്പത്തി. 12:5). സമർപ്പണജീവിതം ഇല്ലാത്തവരാണ് ജഡികന്മാർ. ഇന്നും ഇങ്ങനെയുള്ള അനേകർ ആത്മീയ കൂട്ടങ്ങളിലുണ്ട്. യാതൊരു ലക്ഷ്യബോധവുമില്ലാതെ യാത്രപോകുന്നവരാണ്. ആത്മീയ കാര്യങ്ങളേക്കാൾ ഇവരുടെ ചിന്ത ഈ ലോകത്തിൽ ആയിരിക്കും. ഇങ്ങനെയുള്ളവരെ വിശ്വാസികൾ വേർതിരിച്ചറിയേണ്ടതാണ്.

**2. ആത്മീകൻ ആരാധിക്കുന്നവനാണ്. (ഉല്പത്തി 12:8)** ദൈവത്തിൽ നിന്നുള്ള വിളി പ്രാപിച്ചവനായിരുന്നു അബ്രഹാം. വാഗ്ദത്തദേശത്തേയ്ക്ക് യാത്ര ചെയ്യുമ്പോൾ തന്റെ വീണ്ടെടുപ്പുകാരനായ ദൈവത്തെ ആരാധിക്കുന്നതിന് സമയം കണ്ടെത്തുന്നു എന്നത് ശ്രദ്ധേയമാണ്. "എൻമനമേ യഹോവയെ വാഴ്ത്തുക, അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത്" (സങ്കീ. 103:1). ദൈവിക നന്മകൾ അനുഭവിക്കുന്ന വിശ്വാസി ദൈവത്തോട് സ്നേഹവും നന്ദിയും ഉള്ളവരായിരിക്കണം. അബ്രഹാം അങ്ങനെയായിരുന്നു. ഹായിക്ക് കിഴക്ക് കൂടാരം അടിച്ചു അവൻ അവിടെ യാഹോവയ്ക്ക് ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു (ഉല്പത്തി 12:8, 13:4, 18). യഥാർത്ഥമായി ദൈവത്തെ അറിയുന്നവനു മാത്രമേ "പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും" ദൈവത്തെ ആരാധിക്കുവാൻ കഴിയുകയുള്ളൂ. വിശ്വാസികൾ ദൈവത്തെ സ്നേഹിക്കുന്നവരും ആരാധനയ്ക്ക് സമയം കണ്ടെത്തുന്നവരും ആയി

---

എന്നുള്ള പ്രത്യാശാ നിവർത്തിയെ ആത്മാവിനാൽ കാത്തിരിക്കുന്നു (ഗലാ. 5:5). വിശ്വാസത്താൽ സ്ഥാനീയമായി ഇവയെല്ലാം നമുക്ക് ലഭിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും പ്രായോഗികമായി അവ ലഭിക്കുവാൻ ഇരിക്കുന്നതേയുള്ളൂ. ആകയാൽ നിത്യതയിലെ നമ്മുടെ ജീവിതത്തിന്റെ മുതൽക്കൂട്ടായി ഇന്നു നാം സൽപ്രവർത്തികൾ ചെയ്യണം. അത് നമ്മുടെ ആത്മരക്ഷയ്ക്കുവേണ്ടിയല്ല. എന്നാൽ ലഭിച്ചിരിക്കുന്ന രക്ഷയിൽ നിത്യതയിലെ അവകാശങ്ങൾക്കായിട്ടാണ്. അതിനായിട്ടാണ് ഇന്ന് നമ്മെ പുതിയ സൃഷ്ടിയാക്കി ഈ ഭൂമിയിൽ ആയുസ്സ് തന്ന് ആക്കിയിരിക്കുന്നത്. ആകയാൽ ലഭിച്ചിരിക്കുന്ന സമയം വൃഥാവാക്കിക്കളയാതെ തക്കത്തിൽ ഉപയോഗിച്ചുകൊണ്ട്, അതിന്റെ ഓരോ നിമിഷത്തിനും വിലയുള്ളതാണെന്നു കരുതി പ്രവർത്തിക്കുന്നവരായിരിക്കണം. വിശ്വാസിയുടെ സഭയിലെ പ്രവർത്തികളെക്കുറിച്ച് തുടർന്നു ചിന്തിക്കാം. (തുടരും)

രിക്കും. ദൈവത്തെ ആരാധിക്കുന്നതിന് സമയമോ കാലമോ സാഹചര്യങ്ങളോ തടസ്സമാകുന്നില്ല.

എന്നാൽ ലോത്താകട്ടെ യാഗപീഠം ഉണ്ടാക്കിയതായോ ആരാധിച്ചതായോ പറയുന്നില്ല. ഒരു ജഡികന്റെ ജീവിതത്തിൽ ആരാധനയ്ക്ക് പ്രാധാന്യമില്ല. ആരാധനയുടെ മഹത്വം അവന് മനസ്സിലാക്കുവാൻ കഴിയുന്നതുമില്ല. ഭൗതീകകാര്യങ്ങളിലാണ് അവന്റെ ശ്രദ്ധ മുഴുവനും. ഇന്നത്തെ നമ്മുടെ ആത്മീക കൂടിവരവുകളിലെല്ലാം ഇങ്ങനെയുള്ള ചില അനാത്മീയരായ ലോത്തിൻമാരെ കാണുവാൻ കഴിയും. ഏതുവിധേനയും ആരാധന മുടക്കാൻ കാരണം അന്വേഷിക്കുന്നു. ആരാധനാസമയം ഭൗതീകമായ കാര്യങ്ങൾക്കായി ചിലവഴിക്കാൻ യാതൊരു മടിയുമില്ല. ഇങ്ങനെയുള്ളവരെ ദൈവജനം അറിയേണ്ടിയിരിക്കുന്നു.

**3. ആത്മീകൻ ജഡികനിൽ നിന്നു അകന്നു ജീവിക്കുന്നു (ഉല്പത്തി 13:9).** "ദുർനടപ്പുകാരോട് സമ്പർക്കം അരുത്" (1 കൊരി 5:9) എന്നു വചനം പറയുന്നു. കാരണം ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമായിരിക്കുന്നു" (ഗലാ. 5:17). ദൈവവിളിയില്ലാതെ പുറപ്പെട്ട ലോത്തിന് അബ്രഹാമിനോട് ചേർന്ന് അധികകാലം ഒരുമിച്ചു ജീവിക്കുവാൻ കഴിഞ്ഞില്ല. അബ്രഹാമിന്റെ ഇടയന്മാർക്കും ലോത്തിന്റെ ഇടയന്മാർക്കും തമ്മിൽ വഴക്കുണ്ടായി (ഉല്പത്തി 13:7). അബ്രഹാമാകട്ടെ ലോത്തിനോട് എന്നെ വിട്ടു പിരിഞ്ഞാലും (13:9) എന്നു പറയുന്നു. ഉള്ളിൽ ദർശനമില്ലാതെ ഒരുവന് ദൈവമക്കളോട് ചേർന്ന് പോകുവാൻ കഴിയുകയില്ല. ദൈവമക്കൾക്ക് അങ്ങനെയുള്ളവരിൽ നിന്ന് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും എന്നതിന് സംശയമില്ല. അപ്രകാരമുള്ളവരാണ് ഇന്ന് സ്ഥാനമാനങ്ങൾക്കും ഭൗതീകമായ ചില കാര്യങ്ങൾക്കുമായൊക്കെ സഭകളിൽ മത്സരം നടത്തുന്നത്. ഇവർ യിസ്രായേലിനോടൊപ്പം മിസ്രയീമിൽ നിന്നും പുറപ്പെട്ടുപോന്ന സമ്മിശ്രജാതിയേപ്പോലെ എപ്പോഴും പിറുപിറുക്കുന്നവരും സഭയെ ഭിന്നിപ്പിക്കുന്നവരുമാണ്. ഇങ്ങനെയുള്ളവരോട് ദൈവജനം അകന്നു ജീവിക്കേണ്ടതാണ്. ഇങ്ങനെയുള്ളവരുടെ ആലോചനപ്രകാരം നടക്കുകയോ വഴികളിൽ നിൽക്കുകയോ ഇരിപ്പിടത്തിൽ ഇരിക്കയോ അരുത്. അബ്രഹാമിനെപ്പോലെ വിട്ടൊഴിയേണ്ടതാണ്.അബ്രഹാം ലോത്തിനെ വിട്ടു പിരിഞ്ഞപ്പോൾ ദൈവം അവനോട് സംസാരിച്ചു. അനുഗ്രഹങ്ങളും വാഗ്ദത്തം ചെയ്യുന്നു. ജഡികനോടുള്ള വിശ്വാസിയുടെ യാത്ര ദൈവിക അനുഗ്രഹം പ്രാപിക്കുന്നതിന് തടസമാണ്.

**4. നന്മയെ തിരഞ്ഞെടുക്കുന്ന ആത്മീകൻ (ഉല്പത്തി 13:9)** ലോത്തും അബ്രഹാമും തമ്മിൽ വേർതിരിയുമ്പോൾ ദേശം തിരഞ്ഞെടുക്കുവാനുള്ള അനുവാദം അബ്രഹാം ലോത്തിന് നൽകുന്നു. അബ്രഹാം ലോത്തിനോട് "നീ ഇടത്തോട്ട് എങ്കിൽ ഞാൻ വലത്തോട്ട് പൊയ്ക്കൊള്ളാം, നീ വലത്തോട്ട് എങ്കിൽ ഞാൻ ഇടത്തോട്ട് പൊയ്ക്കൊള്ളാം'' എന്നു പറയുന്നു. ജഡമോഹികൾ പോകുന്ന വഴി ആത്മീയർക്ക് യോഗ്യമല്ല. കാരണം ലോകമോഹം വിശ്വാസികളിൽ കടന്നുകൂടുവാൻ സാദ്ധ്യതയുണ്ട്. വചനം പറയുന്നു, "ദുഷ്ടന്മാരുടെ വഴിയോ നാശകരമാകുന്നു" (സങ്കീ. 1:6). ചിലപ്പോൾ ഒരു വഴി മനുഷ്യനു ചൊവ്വായി തോന്നും അതിന്റെ അവസാനമോ മരണവഴികളത്രേ (സദൃ. 14:12). ഈ വാക്യം ലോത്തിന്റെ ജീവിതത്തിൽ വന്നുഭവിക്കുകയും ചെയ്തു. ലോത്ത് ഫലഭൂയിഷ്ഠവും നീരൊഴുക്കും തഴപ്പുമുള്ളതായ സോദോം ഗോമോറ തിരഞ്ഞെടുക്കുകയും സോദോമിൽ തന്റെ കൂടാരം അടിക്കുകയും ചെയ്തു. അവിടെയുള്ള ദേശനിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുൻപാകെ മഹാപാപികളും ആയിരുന്നു (ഉല്പത്തി 13:13). ജഡികൻ എങ്ങനെയും സമ്പത്തു വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവരും പാപത്തെ സ്നേഹിച്ച് മ്ലേച്ഛതയിൽ മുഴുകി ജീവിക്കുവാനുള്ള താല്പര്യം കാണിക്കുന്നവരുമാണ്. ലോത്തിനെ നാം പിന്നീട് കാണുന്നത് പട്ടണവാതിൽക്കൽ ഇരിക്കുന്നവനായിട്ടാണ്. ഒരളവിൽ ലോത്ത് സോദോമ്യരുടെ നേതാവായി തീരുകയും അവരുടെ പാപങ്ങൾക്ക് അടിമപ്പെട്ട് ജീവിക്കുകയും ചെയ്തു. തിന്മയെ ഇഷ്ടപ്പെടുകയും അവയെ സ്നേഹിക്കുകയും ചെയ്തു.

അബ്രഹാമാകട്ടെ ലോത്തിന് എതിരെ കനാനിൽതന്നെ പാർത്തു. ഭൗതിക കാര്യങ്ങളിൽ അവൻ വ്യാകുലപ്പെട്ടില്ല. ആത്മീകൻ ഈ ലോകത്തിന്റെ നന്മയെ കണ്ട് ജീവിക്കേണ്ടവരല്ല. ദൈവസാന്നിദ്ധ്യം ആഗ്രഹിക്കുകയും ദൈവീക നന്മകൾ പ്രാപിക്കേണ്ടവരുമാണ്. ലോകം എങ്ങനെ ജീവിക്കുന്നു എന്നും എവിടേയ്ക്കു പോകുന്നു എന്നും ചിന്തിക്കേണ്ടതുമില്ല. ദൈവം നമ്മോട് എന്തു പറയുന്നുവോ അത് ചെയ്ക. അബ്രഹാമിന് ദൈവം ധാരാളം അനുഗ്രഹം നൽകുന്നു (ഉല്പത്തി 13:14-17). കർത്താവിനെ നോക്കി യാത്ര പുറപ്പെടുന്ന ഒരുവന് യാതൊരു നന്മയ്ക്കും കുറവുണ്ടാകയില്ല. വിശ്വാസി ഒരിക്കലും നന്മയുടെ പിറകെ പോകേണ്ടതില്ല. "നന്മയും കരുണയും ആയുഷ്കാലമൊക്കെയും ആത്മീകനെ പിൻതുടരും" (സങ്കീ. 23:6).

# അപ്പൊ. പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തിയ യേശുക്രിസ്തു : ഒരു പഠനം - 1

ഡോ. ജോസഫ് എം.പി., തിരൂരങ്ങാടി

ഈ പഠനം യേശുക്രിസ്തു ആരാകുന്നു എന്ന് അപ്പൊ. പ്രവൃത്തികളിൽ വെളിപ്പെടുത്തി നൽകിയ സത്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ഈ വെളിപ്പാടുകളുടെ അടിസ്ഥാനത്തിൽ ക്രിസ്തുസഭ ഈ ലോകത്തിൽ സ്ഥാപിതമായപ്പോൾ അവരുടെ വിശ്വാസം എന്ത് എന്ന് നമുക്ക് മനസിലാക്കുവാൻ കഴിയുന്നു. ഇതിന്റെ വെളിച്ചത്തിൽ യഥാർത്ഥ ക്രിസ്തുവിശ്വാസത്തിനും, തിരുവെഴുത്തിലെ സത്യങ്ങൾക്കും വിരോധമായി ഉയർന്നുവരുന്ന പാഷണ്ഡതയെ അന്നെന്നപോലെ ഇന്നും വേർതിരിച്ചറിയുവാൻ സഹായകമാകട്ടെ.

പ്രവൃത്തികളുടെ പുസ്തകത്തിലെ 28 അദ്ധ്യായങ്ങളിൽ 12,14,23,27 എന്നീ 4 അദ്ധ്യായങ്ങളിൽ യേശു എന്ന് രേഖപ്പെടു ത്തുന്നില്ല. ബാക്കി 24 അദ്ധ്യായങ്ങളിൽ ആകെ 70 തവണ യേശുവിനെക്കുറിച്ച് പരാമർശിക്കുന്നു. ഈ 70 തവണകളിൽ നിന്നും യേശുവിനെക്കുറിച്ച് ഈ പുസ്തകത്തിൽ വെളിപ്പെടുത്തിയ സത്യങ്ങൾ അതിന്റെ പൂർണ്ണ രൂപത്തിൽ വായിച്ചെടുക്കാൻ സാധിക്കും. നസറായനായ യേശു കർത്താവും, ക്രിസ്തുവും, ദൈവപുത്രനും ദൈവത്താൽ അഭിശിക്തനായ പരിശുദ്ധ ദാസനും രക്ഷിതാവും മരത്തിൽ തൂക്കികൊല്ലപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്ത് വീണ്ടും വരുന്നവനും ആകുന്നു എന്ന് തെളിവായി രേഖപ്പെടുത്തിയിരിക്കുന്നു. ഒരു ക്രിസ്തുവിശ്വാസി, ഈ ക്രിസ്തു സത്യങ്ങൾ രേഖപ്പെടുത്തിയപോലെ തന്നെ വിശ്വസിക്കുകയും, അംഗീകരിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ യേശു ആരാകുന്നു എന്ന വ്യക്തമായ അറിവിലേക്ക് വരേണ്ടതും ആകുന്നു. ഈ ഓരോ തവണയും യേശുക്രിസ്തുവിനെക്കുറിച്ച് 100 ശതമാനം വാസ്തവവും സത്യവും ആകുന്നു. അതിൽ യാതൊരു മാറ്റവും ഇല്ല. ഈ റഫറൻസുകൾ, പുതിയനിയമ പുസ്തകങ്ങളിൽ ആവർത്തിച്ചു വെളിപ്പെടുത്തിയ പ്രകാരം ദൈവപുത്രനായ യേശുക്രിസ്തു, കർത്താവും രക്ഷിതാവും

---

**5. ആത്മീകൻ ഒരു അനുഗ്രഹമാണ് (ഉല്പത്തി 12:2)** ശാപയോഗ്യമായ ഈ ലോകം വിശ്വാസികൾക്ക് യോഗ്യമല്ല. മാനുഷീക ദൃഷ്ടിയിൽ വിശുദ്ധന്മാർ "ലോകത്തിന്റെ ചവറുപോലെയും സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു" (1 കൊരി. 4:13). എന്നാൽ അബ്രഹാമിനോട് ദൈവം പറയുന്നത് "നീ ഒരു അനുഗ്രഹമായിരിക്കും" (ഉല്പത്തി 12:2) എന്നത്രേ. ഇന്ന് ലോകത്തെ അതിന്റെ അകൃത്യം നിമിത്തം ദൈവം നശിപ്പിക്കാതിരിക്കുന്നതിന്റെ കാരണം "അനുഗ്രഹങ്ങളായ" ദൈവമക്കൾ ലോകത്തിൽ ഉണ്ടെന്നുള്ളതിനാലാണ്. ലോത്തിനെപ്പോലെയുള്ള ജഡികന്മാർക്കു വേണ്ടി വിശുദ്ധന്മാർ ദൈവത്തോട് സദാ പക്ഷപാതം കഴിക്കുന്നു. അതുകൊണ്ട് ദൈവം തന്റെ ന്യായവിധി താമസിപ്പിക്കുന്നു. ലോകത്തെ കേടുകൂടാതെ സൂക്ഷിക്കുന്ന ഉപ്പാണ് വിശ്വാസികൾ. കർത്താവ് പറയുന്നു "നിങ്ങൾ ലോകത്തിന്റെ ഉപ്പാകുന്നു". അബ്രഹാമിന്റെ തലമുറകൾ അനുഗ്രഹിക്കപ്പെട്ടു. അബ്രഹാമിന്റെ പേരു ചൊല്ലി അന്യോന്യം അനുഗ്രഹിക്കുന്നു. ദൈവം തന്റെ ഭക്തന്മാരെ ആത്മീയ അനുഗ്രഹത്താൽ അനുദിനം വഴി നടത്തും.

**6. ആത്മീകന്റെ തലമുറ അനുഗ്രഹിക്കപ്പെടും.**

ദൈവം അബ്രഹാമിലൂടെ അവന്റെ തലമുറകളെയും അനുഗ്രഹിച്ചു (ഉല്പത്തി 13:16). അബ്രഹാമിലൂടെ യിസ്രായേൽ മുഴുവൻ അനുഗ്രഹിക്കപ്പെട്ടു. സർവ്വലോകത്തിനും ദൈവിക നിയമങ്ങൾ നൽകുവാനും വിശുദ്ധിയും വേർപാടും അനുഷ്ഠിച്ച് ഏകസത്യ ദൈവാരാധന നിലവിൽ വരുവാനും ദൈവം അവരെ തനിക്കായി വേർതിരിച്ചു. ദൈവത്തിന്റെ പ്രത്യേക ജനമാക്കി അവരെ ഒരുക്കി. ഇന്നും ദൈവിക അനുഗ്രഹങ്ങൾ യിസ്രായേലിൻമേൽ നിലകൊള്ളുന്നു. വചനം പറയുന്നു. നീതിമാൻ തുണയില്ലാതെയിരിക്കുന്നതും അവന്റെ സന്തതി അപ്പം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല (സങ്കീ. 37:25). ദൈവം തന്റെ മക്കളെ ഇന്നും പരിപാലിക്കുന്നു എന്നത് എത്രയോ ശ്രേഷ്ഠമാണ് വിശുദ്ധന്മാരുടെ തലമുറകളും അനുഗ്രഹിക്കപ്പെടും.

എന്നാൽ ലോത്തിന്റെ തലമുറയാകട്ടെ ശപിക്കപ്പെട്ട 2 ജാതികളായിത്തീർന്നു. അമ്മോന്യരും മോവാബ്യരും (ഉല്പത്തി 19:37-38). ലോത്തിന്റെ മക്കളാണ് യിസ്രായേലിന് കാൽ കഴുകുവാനുള്ള വട്ടക (സങ്കീ. 60:8). ജഡികന്റെ തലമുറ അനുസരണം കെട്ടവരായി പാപത്തിൽ മുഴുകി ദൈവഭയമില്ലാതെ ജീവിക്കുന്നു. പ്രിയരേ, ആത്മീകനും ജഡികനും തമ്മിലുള്ള ചില വ്യത്യാസങ്ങൾ നമുക്ക് കാണുവാൻ സാധിച്ചു. താങ്കളുടെ ജീവിതത്തെ പരിശോധിക്കുക. 'നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും അധികം ഉറപ്പുവരുത്തുവാൻ ദൈവം സഹായിക്കട്ടെ. ●

ആകുന്നു എന്ന് സംശയം കൂടാതെ നമുക്ക് മനസി ലാക്കാൻ കഴിയുന്നു.

യേശു എന്ന പേരിനോട് ചേർത്തു നാമത്തിൽ എന്നു രേഖപ്പെടുത്തിയ ഭാഗങ്ങൾ

ഈ പുസ്തകത്തിൽ ആകെ 16തവണ യേശു എന്ന പേരിനോട് നാമം എന്ന് ചേർത്ത് രേഖപ്പെടുത്തുന്നുണ്ട്. ഇതിൽ വെളിപ്പെടുത്തിയ വിധം നാമം എന്നു ചേർത്തവ യേശുവിന്റെ നാമത്തിൽ, യേശുക്രിസ്തുവിന്റെ നാമത്തിൽ, നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്തിൽ, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നു തിരുവെഴുത്തു രേഖപ്പെടുത്തി നൽകി. ഇവയിൽ ഏതു റഫറൻസും വെളിപ്പെടുത്തപ്പെട്ട സമ്പൂർണ്ണ ക്രിസ്തു സത്യത്തിന്റെ സംക്ഷിപ്ത രൂപം ആകുന്നു. ഇതിന്റെ ഏറ്റവും ചുരുക്ക രൂപം പ്രവൃ.4:18;5:40 എന്നീ റഫറൻസുകളിൽ 'യേശുവിന്റെ നാമത്തിൽ' എന്നു കാണുവാൻ കഴിയുന്നു. ഒരിക്കലും അത് യേശുനാമത്തിൽ എന്നല്ല 'യേശുവിന്റെ നാമത്തിൽ' എന്നാകുന്നു രേഖപ്പെടുത്തപ്പെട്ടത്.

**എന്തുകൊണ്ട് "യേശുവിന്റെ നാമത്തിൽ"?**

യേശുവിന്റെ നാമത്തിൽ എന്നു വിശേഷണമായി കൊടുക്കുമ്പോൾ ചില ഭാഗങ്ങൾകൂടി ശ്രദ്ധിക്കുക. പ്രവൃ. 3:16; 14:17,18; 5:28; 10:43 എന്നീ ഭാഗങ്ങളിൽ ഈ നാമത്തിൽ അവന്റെ നാമം എന്നിങ്ങനെ കാണുന്നു. ഈ പ്രയോഗങ്ങൾ യേശുക്രിസ്തുവിന്റെ സമ്പൂർണ്ണ അധികാരത്തെ കാണിക്കുന്നു. ഈ അടിസ്ഥാനത്തിൽ വേണം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയ 'യേശുവിന്റെ നാമത്തിൽ' എന്ന പ്രയോഗം മനസിലാക്കുവാൻ. ഈ വെളിപ്പാട് തിരുവെഴുത്തിന്റെ സമ്പൂർണ്ണ വെളിപ്പാടിന് എതിരാകുകയില്ല. കൂടാതെ ഈ പ്രയോഗം തിരുവെഴുത്തിലെ ക്രിസ്തു സത്യങ്ങളെ ഒരിക്കലും നിഷേധിക്കുന്നില്ല. അവയെല്ലാം രേഖപ്പെടുത്തിയ പോലെത്തന്നെ ശരിയും, അതിന്റെ അടിസ്ഥാനത്തിൽ മാത്രം യേശുവിനെ അറിയുകയും വേണം എന്ന് 'യേശുവിന്റെ നാമത്തിൽ' എന്ന പ്രയോഗത്താൽ വ്യക്തമാക്കുന്നു. അതല്ല എങ്കിൽ ആ വ്യാഖ്യാനം അപൂർണ്ണം എന്നേ വരൂ.

ഈ പുസ്തകത്തിൽ ക്രിസ്തുവിനെക്കുറിച്ച് രേഖപ്പെടുത്തിയ വിശേഷണങ്ങൾ വ്യാഖ്യാനിക്കുമ്പോൾ അത് പഴയ പുതിയനിയമങ്ങളുടെ സമഗ്രമായ വെളിപ്പാടിന് എതിരാകുവാൻ പാടില്ല. കാരണം വെളിപ്പെടുത്തപ്പെട്ട തിരുവെഴുത്തിലെ സത്യത്തെ തിരുവെഴുത്തുതന്നെ ഖണ്ഡിക്കുകയില്ല. യേശുവിന്റെ നാമത്തിൽ എന്ന് പ്രസ്താവിക്കുമ്പോൾ മറ്റെല്ലാ ക്രിസ്തു സത്യങ്ങളും ഞാൻ അംഗീകരിക്കുന്നു എന്നു വ്യക്തമാക്കുകയാകുന്നു. എന്നാൽ 'യേശു നാമത്തിൽ' എന്ന് മാത്രം പ്രയോഗിക്കുമ്പോൾ, അതിൽ തിരുവെഴുത്തിൽ വെളിപ്പെടുത്തിയ ക്രിസ്തു സത്യങ്ങളുടെ നിഷേധം ഒളിഞ്ഞിരിക്കുന്നു. കൂടാതെ വേദപുസ്തകത്തിൽ കേവലം യേശുനാമത്തിൽ എന്ന പ്രയോഗം ഒരിക്കൽ പോലും ഇല്ല. അതിനാൽ തിരുവെഴുത്തിലെ വെളിപ്പാടുകളുടെ അടിസ്ഥാനത്തിൽ ഒരു ക്രിസ്തുവിശ്വാസി, പ്രാർത്ഥനയും, ആരാധനയും എല്ലാം സമർപ്പിക്കുന്നത് കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്നു തന്നെയാകുന്നു. കാരണം ഈ ഏറ്റുപറച്ചിൽ യേശുവിന്റെ നാമത്തിൽ എന്നതിന്റെ Essential Immediate expansion ആകുന്നു. ഇത് തിരുവെഴുത്തിലെ അനുബന്ധ വെളിപ്പാടുകൾ മുഴുവൻ അംഗീകരിച്ചുകൊണ്ടുള്ള രൂപം ആകുന്നു. വെറും 'യേശുനാമത്തിൽ' എന്ന് സംബോധന ചെയ്യുന്ന വ്യക്തി Essential Immediate expansion നിന്നു വിട്ടുനിൽക്കുന്നത് കാണാം. അതാണ് നിഷേധ ലക്ഷണം (തുടരും).


## പുസ്തക പരിചയം

**പ്രീമിയർ മിനി സ്റ്റഡി ബൈബിൾ**

1. 16 പോയിന്റ് തടിച്ച അക്ഷരത്തിൽ പുൾപിറ്റ് എഡിഷനായി മാഗസിൻ സൈസിൽ 1760 പേജുകളിൽ തയ്യാറാക്കിയിരിക്കുന്നു. ധാരാളം ചിത്രങ്ങളും മാപ്പുകളും. വില 850/- രൂപ.
2. എബ്രായ ഗ്രീക്ക് ബൈബിളുകളുമായി ഒത്തുനോക്കി പരിഭാഷകളിൽ വന്നുപോയിട്ടുള്ള 200 ലേറെ വൈകല്യങ്ങൾ തിരുത്തിയിരിക്കുന്നു.
3. സംശയമുള്ള ഭാഗങ്ങൾക്കെല്ലാം നോട്ടുകൾ
4. എല്ലാ പുസ്തകങ്ങൾക്കും വിശദമായ രൂപരേഖ
5. അനുബന്ധമായി മലാഖി മുതൽ ക്രിസ്തു വരെയുള്ള ചരിത്രം 9 ദുരുപദേശ സംഘടനകളെക്കുറിച്ചുള്ള വിശദീകരണം, വേദപുസ്തക ചരിത്രം, യേശു ചെയ്ത അത്ഭുതങ്ങൾ, യേശു പറഞ്ഞ ഉപമകൾ, 12 അപ്പൊസ്തലന്മാരുടെ ജീവചരിത്രം, പേരുകളുടെയും സ്ഥലനാമങ്ങളുടെയും അർത്ഥം, അളവുതൂക്കനാണയക്കണക്കുകൾ, എബ്രായ ഗ്രീക്കു ഭാഷാ പഠനം ആദിയായ നിരവധി പ്രത്യേകതകൾ.
6. കഠിന പദങ്ങളും പുരാതന പദങ്ങളും ലളിതമാക്കിയിരിക്കുന്നു.

ഈ പുതിയ എഡിഷൻ എല്ലാ വേദപഠിതാവിനും കുട്ടികൾക്കും ഒരനുഗ്രഹമായിരിക്കും. വിലാസം പ്രീമിയർ ബൈബിൾ പബ്ലിക്കേഷൻസ്, പി.ബി. നമ്പർ. 91, അങ്കമാലി - 683572

സഹോദരിമാരോട്......

# ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു (സങ്കീ. 46:1)

രത്നാ ജേക്കബ്

**ദൈ**വം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. ഭയവും അരക്ഷിതാവസ്ഥയും അശാന്തിയും നിറഞ്ഞ ഈ ലോകത്തിൽ നമ്മുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനുമായ യേശുകർത്താവ് ദൈവമക്കളായിരിക്കുന്ന നമ്മുടെ വെളിച്ചവും രക്ഷയും ആയിത്തീർന്നിരിക്കകൊണ്ട് നമുക്ക് ആരെയും ഭയപ്പെടുവാൻ ആവശ്യമില്ല. നമ്മുടെ രക്ഷാനായകൻ നമ്മുടെ ജീവന്റെ ബലം ആകയാൽ നാം ഒന്നിനെയും പേടിക്കേണ്ട കാര്യമില്ല. നാം അത്യുന്നതന്റെ മറവിലും സർവ്വശക്തന്റെ നിഴലിൻ കീഴിലും പാർക്കുന്നവർ ആണ്. കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായ നമുക്കും ധൈര്യത്തോടെ പറയുവാൻ കഴിയും ദൈവം നമ്മുടെ സങ്കേതവും ബലവുമാണ്, അവൻ ഞാൻ ആശ്രയിക്കുന്ന എന്റെ ദൈവമാണ് എന്ന്.

മോവാബ്യ സ്ത്രീ ആയ രൂത്തിനെപ്പറ്റി നാം ചിന്തിക്കുമ്പോൾ അവൾ അന്യജാതിക്കാരി, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവൾ, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യ, ജീവനില്ലാത്ത ഊമവിഗ്രഹങ്ങളെ സേവിച്ചവൾ; എന്നാൽ ജീവനുള്ള ഒരു സത്യദൈവത്തെക്കുറിച്ച് അവൾ തന്റെ അമ്മാവിയമ്മയായ നവോമിയിൽ നിന്നും കേട്ടു. കേട്ട വചനം അവൾ സന്തോഷത്തോടെ കൈക്കൊണ്ടു. ഫലം പുറപ്പെടുവിച്ചു. അവൾ യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴെ ആശ്രയിച്ചു. അതുകൊണ്ട് കർത്താവ് അവൾക്ക് പൂർണ്ണ പ്രതിഫലം നൽകി. നമ്മുടെ രക്ഷകന്റെ വല്ല്യമ്മച്ചി ആയിത്തീരുവാനുള്ള മഹാഭാഗ്യം അവൾക്കു ലഭിച്ചു. ദൈവം അവളെ അനുഗ്രഹിച്ചു.

തന്നെ അന്വേഷിക്കുന്നവരെ ഉപേക്ഷിക്കാത്തവനാണ് നമ്മുടെ കർത്താവ്. തന്നിൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു. അവർക്കു പൂർണ്ണ പ്രതിഫലം നൽകുന്നു. അവന്റെ കൈക്കലെ ആടുകളാണ് നാം. അവൻ നമ്മെ ഓമനപ്പേരുചൊല്ലി വിളിച്ചിരിക്കുന്നു. അവൻ നമ്മെ ജീവനോടെ കാക്കുന്നു. നമ്മുടെ കാലടികൾ വഴുതുവാൻ അവൻ സമ്മതിക്കയില്ല. സ്തോത്രം.

നാം അവനെ വിളിച്ചപേക്ഷിക്കുമ്പോൾ ഒക്കെയും അവൻ നമുക്കു സഹായകനായി സമീപത്തുണ്ട്. തന്നിൽ ആശ്രയിക്കുന്നവരെ അവൻ ഒരു നാളും കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല.

നമ്മുടെ ഈ മരുഭൂമിയാത്രയിൽ നമ്മെ വഴിയിൽ വിട്ടിട്ട് പൊയ്ക്കളയുന്നവനല്ല നമ്മുടെ രക്ഷകൻ. അവൻ നമ്മോടുകൂടെ ഇരുന്ന് നമ്മെ ആശ്വസിപ്പിച്ചു വഴിനടത്തുന്നു. ദൈവം നമുക്ക് അനുകൂലം എങ്കിൽ നമുക്ക് പ്രതികൂലം ആർ? സ്വന്ത പുത്രനെ ആദരിക്കാതെ അവനെ നമുക്കുവേണ്ടി തകർത്തുകളഞ്ഞ പിതാവായ ദൈവം അവനോടുകൂടെ സകലവും നമുക്കു നൽകിത്തന്നിരിക്കുന്നു. ക്രിസ്തുയേശു മരിച്ചവൻ, മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കയും ചെയ്യുന്നു. സ്തോത്രം. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും നമ്മെ വേർപിരിക്കുവാൻ ഒരു ശക്തിക്കും കഴിയുകയില്ല. ഈ ക്രിസ്തുയേശു നമുക്കു വിശ്വസിക്കുവാനും ആശ്രയിക്കുവാനും കൊള്ളാവുന്നവൻ ആണ്. അവൻ സകലത്തിനും മതിയായവൻ. അവൻ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനും ആണ്. ഉറ്റവരുടെ സ്നേഹം അറ്റുപോകും. ഏറ്റം പ്രിയർ വിട്ടുമാറും. മാറാത്ത സ്നേഹിതനാം യേശുവിൻ മാർവ്വിൽ നമുക്കു ചാരാം. നമ്മുടെ പ്രാണപ്രിയൻ ഇന്നലെയും ഇന്നും എന്നേയ്ക്കും അനന്യൻ തന്നെ. അവൻ മാറാത്ത ദൈവം ആണ്. അവന്റെ ദൃഷ്ടി നമ്മുടെ മേൽ ഉണ്ട്. അവൻ തന്റെ ഉള്ളം കയ്യിൽ നമ്മെ വഹിക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് സ്നേഹവാനായ ദൈവം നമ്മെ വിളിച്ചിരിക്കുന്നു. കർത്താവിന്റെ സഖിത്വം എപ്പോഴും നമുക്കുണ്ട്. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം ഉണ്ട്. ക്രിസ്തുയേശുവിൽ നമ്മെ ജയോത്സവമായി നടത്തുന്നവൻ ഇന്നും ജീവിക്കുന്നു. നമ്മെ വിളിച്ച ദൈവം അന്ത്യത്തോളം നമ്മെ പുലർത്തുവാൻ ശക്തൻ തന്നെ. അവനെ മാത്രം നമുക്ക് ആശ്രയിക്കാം. അതിനായി സർവ്വകൃപാലുവായ ദൈവം അനുവാചകരായ എല്ലാ പ്രിയ സഹോദരിമാരെയും ശക്തീകരിക്കട്ടെ. അവന്റെ പരിശുദ്ധ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ. ●

# പുതിയനിയമ സഭായോഗങ്ങൾ

എസ്.ജി. ഗിൽബർട്ട്

പഴയനിയമത്തിലും നാം സഭായോഗങ്ങളെക്കുറിച്ച് കാണുന്നു. സഭ എവിടെ കൂടുന്നുവോ ഈ കൂട്ടത്തെ സഭായോഗം എന്നു വിളിക്കാം. പുതിയനിയമം ദൈവജനത്തിന്റെ കൂട്ടത്തിനു കൊടുത്തിരിക്കുന്ന പേര് എക്ലേസിയ എന്നാണ്. വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണർത്ഥം.

**A. എന്താണ് സഭായോഗങ്ങൾ**

ഞായറാഴ്ച ദൈവജനം ഒരുമിച്ച് ആരാധനയ്ക്കായി കൂടുന്ന ആ കൂട്ടത്തെ മാത്രമേ സഭായോഗം എന്നു വിളിക്കാവൂ എന്നാണ് പലരും കരുതിയിരിക്കുന്നത്. എബ്രായലേഖനത്തിൽ സഭായോഗങ്ങൾ എന്ന് ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നു. "ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ....." (എബ്രാ. 10:24). ഈ വാക്യത്തിന്റെ വെളിച്ചത്തിൽ സഭായോഗങ്ങൾ ഒന്നിലധികം ഉണ്ടെന്നു വ്യക്തമാണ്. ഇവിടെ സഭായോഗങ്ങൾ എന്ന് തർജ്ജമ ചെയ്തിരിക്കുന്നത് Episunagogee (എപിസുനഗോഗേ) എന്ന പദമാണ്. ഒരുമിച്ചു കൂടുന്നത് എന്നാണ് അർത്ഥം. ചുരുക്കത്തിൽ ദൈവജനം ഒന്നിച്ചു കൂടുന്ന കൂട്ടത്തെ സഭ എന്നു വിളിക്കാം.

ദൈവസഭ ഒന്നിച്ചു കൂടുന്ന കൂട്ടത്തെ ഉപേക്ഷയായി വിചാരിക്കാൻ പാടില്ല. വിശ്വാസികൾ സഭയുടെ എല്ലാ കൂടിവരവുകളിലും ഒന്നുപോലെ പങ്കെടുക്കണം. "നാൾ സമീപിച്ചിരിക്കുന്നു എന്നു കാണും തോറും അത് അധികമായി ചെയ്യേണ്ടതാകുന്നു" (എബ്രാ. 10:25). അത് (സഭ കൂടുന്നത്) അധികമായി ചെയ്യുവാൻ പറഞ്ഞിരിക്കുന്നു. ആഴ്ചയിൽ 7 ദിവസങ്ങൾ ഉണ്ട്. സഭയുടെ ആരംഭനാളുകളിൽ അവർ ദിനംപ്രതി ദൈവാലയത്തിൽ കൂടിയിരുന്നു (അപ്പൊ. 2:46). കാലങ്ങൾ കഴിഞ്ഞപ്പോൾ ദിവസംതോറും കൂടുന്ന രീതി അത്ര പ്രായോഗികമല്ലാത്തതിനാൽ യോഗങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നതായി കാണാം. സഭായോഗങ്ങൾ അധികമധികം ചെയ്യുവാനാണ് പ്രമാണം. ദൈവിക കൂട്ടായ്മയിൽ ദൈവജനം നിലനിൽക്കുവാൻ ഇടയോഗങ്ങൾ ധാരാളം ഉണ്ടായിരിക്കണം.

**B. സഭായോഗങ്ങൾ ഏതെല്ലാം?**

അപ്പൊസ്തലിക കാലഘട്ടത്തിൽ ഒരു ലോക്കൽ സഭയിൽ വിവിധ തരത്തിലുള്ള യോഗങ്ങൾ നടന്നിരുന്നതായി നാം കാണുന്നു. സഭ ഒന്നിച്ചുകൂടിവന്നിരുന്ന ഏതു കൂട്ടത്തെയും സഭായോഗം എന്നു പറയാവുന്നതാണ്. സഭ ആഴ്ചവട്ടത്തിന്റെ ഒന്നാംദിനംതോറും ആരാധനയ്ക്കായി കൂടിയിരുന്നു. മറ്റുള്ള യോഗങ്ങളെല്ലാം ഓരോ ഉദ്ദേശ്യത്തിനായിരുന്നു കൂടിയിരുന്നത്. അങ്ങനെയുള്ള ചില സഭായോഗങ്ങളെക്കുറിച്ച് പുതിയനിയമത്തിൽ കാണുന്നു.

**1. അപ്പം നുറുക്കാൻ**

''ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലൊസ് പിറ്റെന്നാൾ പുറപ്പെടുവാൻ ഭാവിച്ചതുകൊണ്ട് അവരോട് സംഭാഷിച്ച് പാതിരാവരെയും പ്രസംഗം നീട്ടി" (അപ്പൊ. 20:7). സഭ ആരംഭിച്ച് 20ൽ അധികം വർഷം കഴിഞ്ഞശേഷമുള്ള ഒരു സംഭവമാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ആ നാളുകളിൽ കർത്താവിന്റെ കല്പന അനുസരിച്ച് കർതൃമേശ ആചരിച്ച് കർത്താവിനെ ആരാധിക്കാൻ അവർ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ഞായറാഴ്ച കൂടിവന്നിരുന്നു. ഞായറാഴ്ചയുള്ള കൂടിവരവിന്റെ മുഖ്യമായ ഉദ്ദേശ്യം കർത്തൃമേശ ആചരണം, അതോടുചേർന്നുള്ള ആരാധന. കർത്തൃമേശ മാത്രം ആരാധനയല്ല. ആരാധന കർത്തൃമേശയോടു ചേർന്നതാണ്. പുതിയനിയമ ആരാധന കർത്തൃമേശ കൂടാതെ പൂർണ്ണമാകുന്നില്ല.

**2. പ്രാർത്ഥനയ്ക്കായി (അപ്പൊ. 4:24-34)**

ആദിമസഭ പ്രാർത്ഥനയ്ക്കായി സമയം കണ്ടെത്തിയിരുന്നു. അവർ സഭയായി ഉപവസിച്ചു പ്രാർത്ഥിക്കുന്ന രീതിയുണ്ടായിരുന്നു (അപ്പൊ. 13:3). സഭയുടെ പ്രാരംഭനാളുകളിൽ അവർക്ക് വളരെ പ്രതികൂലങ്ങളും പ്രശ്നങ്ങളും സ്വന്തജാതിയിൽ നിന്നും റോമാഗവൺമെന്റിൽ നിന്നും ഉണ്ടായി. ആ സമയങ്ങളിലെല്ലാം വളരെ ശ്രദ്ധയോടുകൂടി പ്രാർത്ഥനയാൽ ജയം വരിക്കുന്ന സഭകളെ കാണുവാൻ സാധിക്കുന്നു. ദൈവസഭയുടെ ശക്തിയും ജീവനാഡിയും പ്രാർത്ഥനയാണ്. പ്രാർത്ഥനയില്ലാത്ത സഭ ശുഷ്കിച്ചുപോകും. ഏതു സ്ഥലംസഭയിൽ പ്രാർത്ഥന ശക്തിപ്പെട്ടിട്ടുണ്ടോ അവിടെ ഉണർവ്വും അഭിവൃദ്ധിയും ഉണ്ടാകും. പ്രാർത്ഥനായോഗങ്ങൾ സഭയിൽ നിർബന്ധമായി ഉണ്ടായിരിക്കണം. പ്രാർത്ഥനയ്ക്കായി കൂടുന്ന യോഗം സഭായോഗമാണെങ്കിലും ആരാധനായോഗമല്ല.

**3. ബൈബിൾ ക്ലാസ്സ്**

ദൈവജനം അപ്പൊസ്തലന്മാരുടെ ഉപദേശം കേൾക്കണമെന്ന് പറഞ്ഞിരിക്കുന്നു (അപ്പൊ. 2:42). കർത്താവ് തന്റെ വത്സലശിഷ്യന്മാർക്ക് നൽകുന്ന അന്ത്യകല്പനയിൽ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുക മാത്രമല്ല അവരെ ഉപദേശിച്ച് തിരു

# ദൈവത്തിന്റെ ശിക്ഷണത്തിലെ മാധുര്യം

George C. Varghese, Trivandrum

**1)** നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു (സങ്കീ. 23:4). 2). അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? (എബ്രാ. 12:7). 3). പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി; കർത്താവേ അത് അരുതേ നിനക്ക് അങ്ങനെ ഭവിക്കരുതേ (ക്രൂശുമരണം) എന്ന് ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞ് പത്രൊസിനോട് സാത്താനേ എന്നെ വിട്ട് പോ, നീ എനിക്ക് ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നത് എന്ന് പറഞ്ഞു (മത്തായി 16:22,23). 4) ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും. യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല (സങ്കീ. 34:10).

"കർത്താവേ നീ എന്നെ ശിക്ഷിക്കണം, ശിക്ഷിക്കാതെ വിടരുത്" എന്നത് ഒരു കർത്തൃദാസന്റെ പ്രാർത്ഥനയിലെ ഒരു വാചകമാണ്. ഏതാനും വർഷങ്ങൾക്കുമുമ്പ് ഈ ലേഖകനോടൊപ്പം പ്രാർത്ഥിച്ചു പിരിയുമ്പോൾ താൻ പ്രാർത്ഥനയിൽ ഉരുവിട്ട ഈ വാചകം എനിക്കു പലപ്പോഴും ചിന്താവിഷയമായിട്ടുണ്ടെങ്കിലും പത്രൊസിന്റെ ജീവിതത്തിൽ കർത്താവ് തന്നെ ശാസിക്കുന്നതായിട്ടുള്ള മത്താ. 16,17 അദ്ധ്യായങ്ങളിലെ കർത്താവിന്റെ പത്രൊസിനോടുള്ള ഇടപെടൽ ധ്യാനിച്ചപ്പോഴാണ് ഈ പ്രാർത്ഥനയുടെ അർത്ഥം മനസ്സിലാക്കിയതും അതിന്റെ അടിസ്ഥാനത്തിൽ ഈ ലേഖനത്തിന് ഇപ്രകാരമൊരു തലക്കെട്ടു കൊടുത്തതും. ഈ പ്രാർത്ഥന കഴിച്ച കർത്തൃദാസൻ 94ന്റെ നിറവിൽ കർത്തൃസന്നിധിയിലേക്കുള്ള വിളി പ്രതീക്ഷിച്ചുകൊണ്ട് വാർദ്ധക്യത്തിലും ഫലം കായ്ച്ചുകൊണ്ട് സന്തോഷവാനായി ജീവിക്കുന്നു.

**ഇടയന്റെ കയ്യിലെ വടിയും കോലും**

സങ്കീ. 23:4ൽ ദാവീദ് പാടുകയാണ് ഞാൻ ക്രിസ്തുവിന്റെ ആടാണ്, ക്രിസ്തു എന്റെ ഇടയനാണ്. ദൈവമേ നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. ഈ വടി ഞാൻ വഴി തെറ്റി

---

വെഴുത്ത് പഠിപ്പിക്കുവാൻ നിർദ്ദേശിക്കുന്നു(മത്തായി 28:19-20). ഒരു വിശ്വാസി രക്ഷിക്കപ്പെടുവാൻ വചനപഠനം ആവശ്യമില്ല. കർത്താവിലുള്ള വിശ്വാസം മാത്രം മതി. ദൈവകൃപയിൽ നിലനിൽക്കണമെങ്കിൽ നിരന്തരമായ ദൈവവചന പഠനം ആവശ്യമാണ്. ഒന്നാം നൂറ്റാണ്ടിലെ സഭ ദൈവവചന പഠനത്തിന് വളരെ പ്രാധാന്യം കല്പിച്ചിരുന്നു. അതിന് ഉത്തമദൃഷ്ടാന്തമാണ് പൗലൊസിന്റെ അന്ത്യോക്യയിലെ ബൈബിൾ ക്ലാസ്സ്. "അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങളിൽ കൂടുകയും ഉപദേശിക്കുകയും ചെയ്തു" (അപ്പൊ. 11:26). വേർപെട്ട ദൈവജനം തിരുവചന പഠനത്തിനു വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട്. കഴിഞ്ഞ കാലഘട്ടങ്ങളിൽ വേർപാടുകാരുടെ ഇടയിൽ തിരുവെഴുത്തുകളിൽ ആഴമായിട്ടുള്ള ജ്ഞാനമുള്ളവർ ഉണ്ടായിരുന്നു. ഇന്ന് ധാരാളം തിയോളജിയന്മാർ നമുക്കുണ്ട്. തിരുവെഴുത്ത് ആഴമായി പഠിക്കുന്നവരും പഠിപ്പിക്കുന്നവരും കുറഞ്ഞു വരുന്നുണ്ട്.

നമ്മുടെ പല സ്ഥലംസഭകളിലും ബൈബിൾ ക്ലാസ്സുകൾ ഇല്ല. ബൈബിൾ ക്ലാസ്സുകളില്ലാത്ത സ്ഥലംസഭ ആത്മീകമായി വളരുകയില്ല. ആദിമ സഭ തിരുവചന പഠനത്തിനുമാത്രം കൂടിയിരുന്നു. അത് സഭായോഗം ആയിരുന്നുയെങ്കിലും തിരുവചന പഠനമായിരുന്നു ലക്ഷ്യം. ആ യോഗത്തെ ആരാധനാ യോഗം എന്ന് വിളിക്കാൻ പാടില്ല.

**4. ദൈവവചന പാരായണ യോഗം**

"അങ്ങനെ അവർ വിടവാങ്ങി അന്ത്യോക്യയിൽ ചെന്നു ജനസമൂഹത്തെ കൂട്ടിവരുത്തി ലേഖനം കൊടുത്തു. അവർ ഈ ആശ്വാസവചനം വായിച്ചു സന്തോഷിച്ചു" (അപ്പൊ. 15:30-31). ഒന്നാം നൂറ്റാണ്ടിൽ ഇന്നത്തെപ്പോലെ ബൈബിൾ വിശ്വാസികളുടെ കരങ്ങളിൽ ലഭിച്ചിരുന്നില്ല. പുതിയനിയമ തിരുവെഴുത്തുകൾ തന്നെ ഓരോന്നു ലഭിക്കുന്ന സമയമായിരുന്നു. അപ്പൊസ്തലന്മാർ എഴുതുന്ന ലേഖനങ്ങൾ അച്ചടിച്ച് അതിന്റെ കോപ്പികൾ വിശ്വാസികളുടെ കരങ്ങളിൽ എത്തിക്കുവാനുള്ള സംവിധാനങ്ങൾ അന്നുണ്ടായിരുന്നില്ല. ചില ലേഖനങ്ങൾ ഓരോ സഭകൾക്ക് മാത്രമായിട്ടായിരിക്കും എഴുതപ്പെട്ടിരിക്കുന്നത്. മറ്റുചിലത് പല സഭകൾക്കു വേണ്ടി എഴുതപ്പെട്ടിട്ടുണ്ട്. ലേഖനങ്ങളുടെ കോപ്പികൾ എടുത്തുകൊടുക്കാൻ സാധിക്കാത്തതിനാൽ സഭയെ വിളിച്ചുകൂട്ടി ലേഖനങ്ങളും തിരുവെഴുത്തിലെ മറ്റു ഭാഗങ്ങളും വായിച്ചു ജനത്തെ കേൾപ്പിക്കുന്ന രീതിയുണ്ടായിരുന്നു. അങ്ങനെ ആദിമസഭ വചനപാരായണത്തിനുമാത്രം ഒരു സഭായോഗം ക്രമീകരിച്ചിരുന്നു. ഇന്ന് എല്ലാവരുടെയും കരങ്ങളിൽ ബൈബിളിന്റെ കോപ്പികൾ നമ്മുടെ സ്വന്ത ഭാഷയിൽ ദൈവം തന്നിട്ടുണ്ട്. അതിനാൽ ഓരോരുത്തരും ദൈവവചനം വായിച്ച് ഗ്രഹിക്കേണ്ടതാണ്. ഈ തരത്തിലുള്ള സഭായോഗങ്ങൾക്ക് ഇന്ന് അത്ര പ്രസക്തിയില്ല. (തുടരും)

പ്പോകുമ്പോൾ, എന്നെ അടിച്ച് നേർവഴിക്ക് ആക്കാനുള്ളതാണ്. കോല് എനിക്ക് മരക്കൊമ്പ് ചായിച്ച് ചില്ലകളിൽ ഉള്ളതായ പച്ചിലകൾ തിന്നാൻ വേണ്ടി അടുപ്പിച്ച് തരുന്നതിനാണ്, അതിനാൽ എനിക്ക് എന്തൊരാശ്വാസം. വടി എനിക്ക് ശിക്ഷണം തരുന്നു. കൂടാതെ വാത്സല്യവും തന്ന് എന്നെ നടത്തുന്നു. ഈ ഇടയൻ എന്നെ ഒരേ സമയം മാറോടണയ്ക്കുന്നു. അപ്പോൾ തന്നെ തന്റെ കയ്യിലുള്ള വടി കൊണ്ട് എന്നെ ശിക്ഷിക്കുന്നു. തന്റെ കയ്യിലിരിക്കുന്നത് എന്നെ അടിച്ചു തകർക്കാനായുള്ള ഇരുമ്പു ദണ്ഡല്ല; ഒരു ചെറിയ വടിയാണ്. ആശ്വാസത്തിന്റെ വടി. പ്രിയരേ, ഈ നല്ല ഇടയനെ ആടുകൾക്കുവേണ്ടി ജീവനെ വെച്ചുകൊടുത്ത ആത്മാക്കളുടെ ഇടയനെ നിങ്ങൾക്ക് അനുഭവിപ്പാൻ കഴിഞ്ഞിട്ടുണ്ടോ? അവന്റെ കുളിർമ്മ നിങ്ങൾക്കാസ്വദിക്കാൻ സാധിച്ചിട്ടുണ്ടോ? അവന്റെ ആശ്വാസം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ? ഇതാ അവൻ വാതിൽക്കൽ തന്നെയുണ്ട്. വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവീൻ, പണ്ടേയുള്ള കതകുകളെ ഉയർന്നിരിപ്പീൻ. മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ. യുദ്ധവീരനായ രാജാവ് നിങ്ങളുടെ ജീവിതത്തിൽ പ്രവേശിക്കട്ടെ.

ഈ ക്രിസ്തുവിന് നമ്മെ സ്നേഹമാണ്. വാത്സല്യത്തോടുകൂടി അവൻ ഇടപെടുന്നു. എന്നാൽ നാം വഴിതെറ്റിപ്പോകുമ്പോൾ അവൻ നമുക്ക് ശിക്ഷണം തരും, സംശയമില്ല.

“മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്, അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു” എന്നിങ്ങനെ മക്കളോട് എന്ന പോലെ നിങ്ങളോട് സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോട് എന്നപോലെ നിങ്ങളോട് പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളൂ? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല, കൗലടേയന്മാരത്രേ”(എബ്രാ.12:5-8).

പ്രിയ സഹോദരങ്ങളേ, ദൈവം തരുന്ന ശിക്ഷണത്തെ നാം നിരസിക്കരുത്. ദൈവത്തിന്റെ ശാസനയിൽ മടുപ്പും മുഷിച്ചിലും ഉണ്ടാകരുത്. കാരണം നാം അപ്പന്റെ സന്തതികളാണ്. അതിനാൽ മക്കൾ അപ്പന്റെ ശിക്ഷണത്തിൽ ആനന്ദിക്കും; അഭിമാനം കൊള്ളും. നാം അവന്റെ വിശുദ്ധിപ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായി തന്നെയാണ് ശിക്ഷിക്കുന്നത്; എന്നത് പത്രൊസിന്റെ ജീവിതത്തിലെ ഒരനുഭവത്തിൽക്കൂടി ചൂണ്ടിക്കാണിക്കട്ടെ.

**കർത്താവിനെപ്പറ്റി ശിഷ്യന്മാർക്കുള്ള അഭിപ്രായം?** കർത്താവ് തന്റെ ശിഷ്യന്മാരോടായി തന്റെ വ്യക്തിത്വത്തെക്കുറിച്ച് സാമാന്യ ജനത്തിനുള്ള അഭിപ്രായം അറിയാനായി അവരോടു ചോദിച്ചു “ജനങ്ങൾ മനുഷ്യപുത്രനെ ആരെന്നു പറയുന്നുഎന്ന്. യോഹന്നാൻ സ്നാപകൻ, ഏലിയാവും യിരമ്യാവ് മറ്റ് പ്രവാചകന്മാരിൽ ഒരുവൻ എന്നിങ്ങനെയുള്ള മറുപടി ക്ഷണത്തിൽ അവിടെ ധ്വനിച്ചു. എന്നാൽ ശിഷ്യർ തന്നെ ആരെന്നു കരുതുന്നു എന്ന ചോദ്യത്തിന് പത്രൊസിൽ നിന്ന് ഉടനടി മറുപടി ഉണ്ടായി. ”നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നുത്തരം പറഞ്ഞു. യേശു അവനോടു ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ, ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കിതു വെളിപ്പെടുത്തിയത്. നീ പത്രൊസ് ആകുന്നു. ഈ പാറമേൽ എന്റെ സഭയെ പണിയും. പാതളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്ന് ഞാൻ നിന്നോട് പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു” (മത്തായി 16:15-19). ഇവിടെ പത്രൊസ് വെളിപ്പെടുത്തിയത്; യേശുകർത്താവ് യിസ്രായേലിന്റെ മശിഹായായ പുരാതനനായ ദൈവം എന്നാണ്.

**പ്രശംസ എല്ലാവരും കേൾക്കെ** - ഇവിടെ കർത്താവ് പത്രൊസിനോടുകൂടെയുള്ളവർ എല്ലാവരും കേൾക്കെ പറയുകയാണ്, നീ പത്രൊസാകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു; തുടങ്ങിയുള്ള അഭിമാനകരമായ വാക്കുകളാണ് കർത്താവ് പറഞ്ഞത്. എത്ര മാതൃകാപരമായ പ്രോത്സാഹനത്തിന്റെ വാക്കുകളാണ് എല്ലാവരും കേൾക്കെ കർത്താവിൽ നിന്നുണ്ടായത്. പലപ്പോഴും നമ്മുടെ സഹവിശ്വാസികളെ കൂട്ടുവേലക്കാരെ പ്രോത്സാഹിപ്പിക്കുന്നതിൽ, നാം വിമുഖത കാട്ടിയിട്ടില്ലേ? ദൈവീക കാര്യങ്ങളിൽ പ്രോത്സാഹനവും അഭിനന്ദനവും അർഹിക്കുന്നവരല്ലേ അവർ? പക്ഷേ പ്രോത്സാഹനത്തിന്റെ ഒരൊറ്റ വാക്കും ഉച്ചരിപ്പാൻ പലപ്പോഴും നാം മറന്നുപോകുന്നു. തുടർന്ന് അതിന്റെ തൊട്ടടുത്ത ഭാഗത്ത് കർത്താവ് ശീമോൻ പത്രൊസിനെ ശാസിക്കുന്നതായി നാം കാണുന്നു.

**ശാസന മറ്റുള്ളവർ അറിയാതെ** - “പത്രൊസ് അവനെ വേറിട്ടു കൊണ്ടുപോയി. കർത്താവേ, അത് അരുതേ, നിനക്ക് അങ്ങനെ ഭവിക്കരുതേ

എന്ന് ശാസിച്ചുതുടങ്ങി. അവനോ തിരിഞ്ഞ് പത്രൊസിനോട് സാത്താനേ എന്നെ വിട്ടുപോ, നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റെയല്ല, മനുഷ്യരുടേതത്രേ കരുതുന്നത് എന്നു പറഞ്ഞു (മത്തായി 16:22-3). ഇവിടെ ശിഷ്യന്മാരുടെ മദ്ധ്യത്തിൽ നിന്ന് വേറിട്ട് വിളിച്ചുകൊണ്ടുപോയി സംസാരിക്കത്തക്കവണ്ണം അത്രമാത്രം കർത്താവിന്റെ അടുക്കൽ സ്വാതന്ത്ര്യവും അടുപ്പവും ഹൃദ്യതയും പത്രൊസിനുണ്ടായിരുന്നു. ഇവിടെ കർത്താവ് ശീമോനെ ശാസിക്കുന്നു. അല്പം മുൻപ് കർത്താവ് പറഞ്ഞത് യോഹന്നാന്റെ മകനായ ശീമോനേ, നീ ഭാഗ്യവാൻ എന്നാണ്. ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്ക് ഇത് വെളിപ്പെടുത്തിയത് എന്നാണ്.

**അനുകരണീയ മാതൃക**. പ്രിയ സഹോദരങ്ങളേ, നമുക്ക് അനുകരണീയമായ ഒരു മാതൃക കർത്താവിൽനിന്നുണ്ടായത് നാം ശ്രദ്ധിക്കണം. അനുമോദനത്തിന്റെ വാക്കുകൾ എല്ലാവരും കേൾക്കെയാണെങ്കിൽ, ശാസനയുടെ വാക്കുകളോ? പത്രൊസും കർത്താവും മാത്രമുള്ളപ്പോൾ; വേറിട്ടുകൊണ്ടുപോയി കർത്താവ് നമ്മെ ശാസിക്കുന്നവനാണ്, ശിക്ഷിക്കുന്നവനാണ്. എന്നാൽ ഒരിക്കലും നാം മറ്റുള്ളവരാൽ അപമാനിക്കപ്പെടണം എന്നാഗ്രിക്കുന്നവനല്ല. അവൻ നമ്മെ അപമാനിക്കുന്നവനല്ല, കാരണം അവൻ നമ്മുടെ അപമാനം ഏറ്റെടുത്ത് ക്രൂശിനെ സഹിച്ചവനാണ്. മറ്റുള്ളവരുടെ മുൻപിൽ ലജ്ജിപ്പിക്കുന്നവനല്ല. നമ്മുടെ തെറ്റുകൾ തിരുത്തുന്നവനാണ്. പക്ഷേ ഒരിക്കലും നമ്മെ നശിപ്പിക്കുന്നവനല്ല. നമ്മെ യഥാസ്ഥാനപ്പെടുത്തുന്നതിന് വേണ്ടി മാത്രമാണ് ശിക്ഷണം. ഡോക്ടറുടെ കയ്യിലുള്ള കത്തി നമ്മുടെ മേൽ പ്രയോഗിക്കുന്നത് നമുക്കൊരിക്കലും ദോഷം വരുത്തുന്നതിനല്ല, ചിലപ്പോൾ വേദന തോന്നിയേക്കാം. നമുക്ക് രോഗസൗഖ്യം തരുന്നതിനുവേണ്ടിയാണ്, ആശ്വാസത്തിനായിട്ടാണ്. നമ്മുടെ കർത്താവ് നമ്മെ സ്നേഹിച്ചത്, വീണ്ടെടുത്തത് ചില ദിവസങ്ങളിലേക്കാണോ? "നിത്യസ്നേഹം കൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു (യിര. 31:3). കർത്താവ് ദയാലു എന്ന് നാം ആസ്വദിച്ചിട്ടുണ്ടല്ലോ. ഇന്ന് നമ്മെ യഥാസ്ഥാനപ്പെടുത്തുന്നതിന്, കർത്താവിന്റെ തിരുവചനവും അതിൽക്കൂടെ നമ്മെ നേർവഴിക്ക് നടത്താനായി കർത്താവിന്റെ ശ്രേഷ്ഠദാസന്മാരെയും നമുക്ക് തന്നിട്ടുണ്ട്. അവന്റെ വടിയും കോലും നമ്മെ ആശ്വസിപ്പിക്കുന്നു. ദൈവദാസന്മാരെയും കർത്താവിന്റെ മക്കളേയും തല്ലി തകർക്കുന്ന, വേദനിപ്പിക്കുന്ന പ്രവണത ചിലരിൽ കണ്ടുവരുന്നു. ഇത് ദൈവവ്യവസ്ഥയുടെ അതിർ ലംഘനമാണ് എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?" (അപ്പൊ. 9:4). നാം ചിന്തിച്ചുകൊണ്ടിരിക്കുന്ന പത്രൊസിനോടുള്ള ബന്ധത്തിൽ ഈ കാര്യം വ്യക്തമാണ്. കർത്താവ് മറ്റ് ശിഷ്യന്മാരോട്, ഇവൻ സാത്താനാണ് ഇവനെ ഒഴിവാക്കണം എന്നൊന്നും പറഞ്ഞതായി കാണുന്നില്ല. മറ്റുള്ളവർ എല്ലാവരും അറിയണമെന്നും കർത്താവാഗ്രഹിച്ചതായി കാണുന്നില്ല. എന്നാൽ അവന് തെറ്റുപറ്റിയപ്പോൾ, അവന്റെ കാഴ്ചപ്പാടിൽ ദോഷം വന്നപ്പോൾ അവനെ കർത്താവു തിരുത്തി. സാത്താനെ നീ എന്നെ വിട്ടു പോ, നീ ദൈവത്തിന്റെയല്ല, മനുഷ്യരുടേതത്രേ കരുതുന്നു എന്നു പറഞ്ഞു. കർത്താവ് ഏല്പിച്ച അപ്പൊസ്തലസ്ഥാനം, വിട്ടൊഴിയാൻ കർത്താവ് പറഞ്ഞില്ല. തിരുവചനത്തിൽ മുന്നെഴുതിയിരിക്കുന്നത് നമ്മുടെ ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യസനത്തിനുമാണ്. ഈ ചെറിയവരിൽ ഒരുത്തന് ചെയ്തിടത്തോളം എല്ലാം എനിക്കാകുന്നു ചെയ്തത് എന്ന കർത്താവിന്റെ വാക്കുകളുടെ അർത്ഥവ്യാപ്തി നാം മനസ്സിലാക്കണം. കർത്തൃദാസന്മാർക്ക് ഗുണം ചെയ്താലും ദോഷം ചെയ്താലും എല്ലാം കർത്താവിന് നേരിട്ടു ചെയ്യുന്നതുപോലെയാണ് എന്ന കാര്യം മറക്കരുത്.

യഥാർത്ഥത്തിൽ പത്രൊസ് എത്ര സ്നേഹത്തിന്റെ വാക്കുകളാണ് കർത്താവിനോടു പറഞ്ഞത്. കർത്താവേ നിനക്ക് കഷ്ടതവരല്ലേ, ക്രൂശ്‌വരല്ലേ, ആരും നിന്ദിക്കുവാനും ഉപദ്രവിക്കുവാനും ഇട വരരുതേ; എന്ന് എത്ര ആത്മാർത്ഥതയോടാണ് പത്രൊസ് പറഞ്ഞത്. കർത്താവിന് ഒരിക്കലും ഒരു കേടു വരരുത്. എത്ര സ്നേഹത്തിന്റെ വാക്കുകൾ എന്ന് നമുക്ക് തോന്നാം. എന്നാൽ ആ വാക്കുകൾ ദൈവത്തിന്റെ ഹിതത്തിന് വിപരീതമാണ് എന്ന് പത്രൊസ് ഓർത്തില്ല. ക്രിസ്തു വന്നത് കഷ്ടത സഹിപ്പാനും, ക്രൂശിൽ മരിക്കുന്നതിനുമാണ്. ക്രിസ്തു മരിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? ദൈവഹിതത്തിന് വിപരീതമായിട്ടായിരുന്നു, വിരുദ്ധമായിട്ടായിരുന്നു ശീമോൻ കർത്താവേ നിനക്ക് അങ്ങനെ ഭവിക്കരുതേ എന്ന് പറഞ്ഞത്. ഉടനെ കർത്താവ് ശീമോനെ തർജ്ജനം ചെയ്തു. സാത്താനേ നീ എന്നെ വിട്ടു പോ, നീ എന്നെ പരീക്ഷിക്കാൻ വരുന്നു, നീ ദൈവത്തിന്റേയല്ല മനുഷ്യരുടേതത്രേ ചിന്തിക്കുന്നു എന്നു പറഞ്ഞു. (തുടരും)

# ഒരു അനുസ്മരണം പരേതയായ സഹോദരി ഗ്രേസ് ജോൺസൺ



**സ**ഹോദരി ഗ്രേസ് അങ്കമാലി ഇടച്ചേരിൽ ഇ.പി. വർക്കിയുടെയും ഏലിയാമ്മ വർക്കിയുടെയും 8-ാമത്തെ മകളായി 1935 ഏപ്രി. 14 ന് ജനിച്ചു. ചെറുപ്രായത്തിലെ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുകയും സ്നാനമേൽക്കുകയും ചെയ്തു. പഠിച്ചിരുന്ന സ്ഥാപനങ്ങളിലെല്ലാം ഒരു പ്രാർത്ഥനാപങ്കാളിയെ കണ്ടെത്തി പതിവായി പ്രാർത്ഥിക്കുമായിരുന്നു. തന്റെ ജീവിതകാലം മുഴുവൻ ദൈവം അങ്ങനെ കൂട്ടുസഹോദരിമാരെ പ്രാർത്ഥനാ പങ്കാളികളായി ഒരുക്കിയിരുന്നു.

1957-ൽ കുമ്പനാട്ടു കുടുംബത്തിൽ കുഴിയിടത്തിൽ റ്റി. ജോൺസണുമായി (തമ്പി) വിവാഹിതയായി. അതിനുശേഷം കുമ്പനാട്ട് നോയൽ മെമ്മോറിയൽ സ്കൂളിലും ബഹറിനിലുള്ള സേക്രട്ട് ഹാർട്ട് സ്കൂളിലും ഇന്ത്യൻ സ്കൂളിലും അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. തന്റെ താല്പര്യത്തിൽ കലൂരിലുള്ള ഭവനത്തിൽവെച്ച് സണ്ടേസ്കൂൾ നടത്തുകയും കൂട്ടുസഹോദരിമാരുമൊത്ത് ആശുപത്രികളും ഭവനങ്ങളും സുവിശേഷം അറിയിക്കാൻ സന്ദർശിച്ചിട്ടുണ്ട്. 1990 ൽ സഹോ. ജോൺസൺ കലൂരിൽ വന്നു താമസമാകുന്നതുവരെയും ബഹ്റനിൽ മനാമ സഭയിൽ സഹോദരിമാർക്ക് പ്രോത്സാഹനത്തിനും ആത്മീക വർദ്ധനയ്ക്കും സഹോദരി കാരണമായിരുന്നു. അതിനുശേഷം എറണാകുളം നോർത്ത് സഭയുമായുള്ള കൂട്ടായ്മയിലായിരുന്നു. കൂട്ടു സഹോദരിമാർക്ക് ഉത്തമമാതൃകയായി താൻ എല്ലാ സമയത്തുമായിരുന്നു. സംസ്കാര ശുശ്രൂഷയിൽ താൻ "പുതിയനിയമത്തിൽ കാണുന്ന ഭക്തിയുള്ള സ്ത്രീകളോടുകൂടെ എണ്ണപ്പെടാവുന്ന ഒരു സഹോദരി" എന്ന് പ്രസ്താവിച്ചത് കൂടിവന്ന എല്ലാവരേയും സ്പർശിക്കുകയുണ്ടായി.

2007 ൽ തനിക്ക് ക്യാൻസർരോഗബാധയുണ്ടായി. 3 വർഷത്തോളം സാമാന്യം സൗഖ്യത്തോടെ ജീവിക്കുവാൻ കർത്താവ് കൃപ നൽകി. ലോകത്തെമ്പാടുമുള്ള സഹോദരീ സഹോദരന്മാർ സഭയായും വ്യക്തികളായും തന്നെ ഓർത്ത് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കർത്താവ് പ്രാർത്ഥന കേട്ട് ജീവിതകാലം ദീർഘിപ്പിച്ചു എന്നേ പറയാനുള്ളൂ. വേദനയുള്ള സന്ദർഭങ്ങളിലും യാതൊരു പിറുപിറുപ്പും കൂടാതെ താൻ കർത്താവിലുള്ള പ്രത്യാശയിൽ വർദ്ധിച്ചുവന്നു. കഴിഞ്ഞ ചില മാസങ്ങളായി കർത്താവിന്റെ സന്നിധിയിൽ ചേരുവാൻ അതീവകാംക്ഷയോടെ ജീവിക്കുകയായിരുന്നു.

ജനു. 4 ന് രോഗം നട്ടെല്ലിനെ ബാധിച്ചതിനെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 19 ന് താൻ പ്രിയം വെച്ച കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. 21 ന് എറണാകുളം നോർത്ത് സഭയുടെ ആഭിമുഖ്യത്തിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ സൗമ്യയും ശാന്തയുമായ സഹോദരിയെക്കുറിച്ച് പല അനുസ്മരണകൾ പ്രസ്താവിക്കുകയുണ്ടായി. സഭാകൂടിവരവുകൾക്ക് പതിവായി വരുമായിരുന്നു. അതിഥി സൽക്കാരം തനിക്ക് പ്രിയമായിരുന്നു. മൂത്ത മകൻ ഐവാൻ റ്റി. ജോൺസൺ ജോലിയോടുള്ള ബന്ധത്തിൽ ബഹറിനിലും മകൾ ഷേർലി പീറ്റർ പാലക്കാടും പേർളി പോൾസൺ പൂനെയിലും കുടുംബങ്ങളായി സ്ഥലംസഭകളോടുള്ള കൂട്ടായ്മയിൽ മുമ്പോട്ടുപോകുന്നു. റ്റി. ജോൺസണേയും ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമേ. നാമെല്ലാവരും കർത്താവിന്റെ വരവിങ്കൽ അവന്റെ ന്യായാസനത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ പ്രിയ ഗ്രേസും മറ്റനേകം വിശുദ്ധന്മാരോടുകൂടെ തന്റെ ഓഹരി പ്രാപിപ്പാൻ എഴുന്നേറ്റു വരും. ●

**റ്റി. ജോൺസൺ കൊച്ചി**

---

## അഭ്യർത്ഥന

**വെങ്കോട്** : 2000 മുതൽ പാറശ്ശാല ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷ പ്രവർത്തനങ്ങൾ ഇവിടെ ആരംഭിക്കുകയുണ്ടായി. പ്രവർത്തനഫലമായി ദൈവം ചില ഫലങ്ങളെ നൽകി. 2004 ൽ 5 സെന്റ് സ്ഥലം എസ്.എ.ഐ.യുടെ പേരിൽ വാങ്ങുകയും അതിൽ താൽക്കാലിക ഷെഡ് പണിതു കൂടിവരവുകൾ ആരംഭിക്കുകയും ചെയ്തു. പ്രവർത്തനത്തിന്റെ ആരംഭം മുതൽക്കേ പാറശ്ശാല സഭാംഗമായിരുന്ന സഹോ. എൻ. ലൂക്കോസ് സംബന്ധിക്കുകയും ഇപ്പോൾ ഈ സഭയുടെ സുവിശേഷകനായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇപ്പോൾ 13 പേർ കർത്തൃമേശയിൽ സംബന്ധിക്കുന്നു. ഞങ്ങൾ കൂടിവരുന്ന ഷെഡ് ജീർണ്ണിച്ച് ഉപയോഗശൂന്യമായി മാറിക്കൊണ്ടിരിക്കുന്ന കാരണത്താൽ കൂടിവരാൻ 35 x 18 അളവിൽ ഒരു ഹാൾ പണിയുവാൻ 4 ലക്ഷം രൂപാ ആവശ്യമായിരിക്കുന്നു. ഈ ആവശ്യത്തിലേക്ക് ഞങ്ങൾ സഭയായി 30,000 രൂപ ശേഖരിച്ചുവച്ചിട്ടുണ്ട്. ഇവിടെയുള്ള വിശ്വാസികൾ കൂലിപ്പണിക്കാരും സാമ്പത്തീക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമാണ്. ആകയാൽ കൂട്ടുവിശ്വാസികളുടെ പ്രാർത്ഥനയും സാമ്പത്തീക കൂട്ടായ്മയും നൽകി സഹകരിക്കുകയും ചെയ്യണമെ. ഹാൾ നിർമ്മാണത്തിനായി വെള്ളറട വിജയാ ബാങ്കിൽ സഭയുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിങ്ങളുടെ സാമ്പത്തീക കൂട്ടായ്മകൾ Hebron Brethren Assembly Vencode, A/c. No. 204301011001016 എന്നെഴുതി N. Lukose Shalom House, Vencode, Cheriyakolla P.O., TVM - 695504. എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു. എന്ന് എൻ. ലൂക്കോസ്, എം. യോനാൻ, റ്റി. ജോൺസൺ, ലൂക്കോസ്. മുകളിൽ എഴുതിയിരിക്കുന്ന വിവരങ്ങൾ നേരിൽ കണ്ടിട്ടുള്ളതാണ്. ഈ അത്യാവശ്യത്തിൽ ഇവിടെയുള്ള സഭാഹാളിന്റെ പൂർത്തീകരണത്തിനായി സാമ്പത്തീക കൂട്ടായ്മ നൽകി സഹായിക്കേണ്ടത് ദൈവജനത്തിന്റെ കടമയാണ് എന്നോർമ്മിപ്പിക്കുന്നു. മാത്യു ഫിലിപ്പ്, പട്ടം ബ്രദറൺ അസംബ്ലി. പി.പി. മാത്യു (സെക്രട്ടറി), സ്റ്റുവർഡ് അസ്സോസിയേഷൻ കേരളാ ഡിവിഷൻ, കുമ്പനാട്. സി. ദാസ്, എം.സി. ജോൺ എസ്.എ.ഐ. മെമ്പർ.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.110-ചോദ്യം

**വിഷയം : ഈ ലോകജീവിതം എത്ര ക്ഷണികം !**

**വായനാഭാഗം** : ഇയ്യോ. 9,14, സങ്കീ. 39, 90, 103, യാക്കോ. 1,4

I. മനുഷ്യന്റെ ആയുസ് പുല്ലുപോലെ, വയലിലെ പൂപോലെ അവൻ പൂക്കുന്നു. കാറ്റ് അതിൻമേൽ അടിക്കുമ്പോൾ അത് ഇല്ലാതെ പോകുന്നു.

II. ധനവാനും തന്റെ പ്രയത്നങ്ങളിൽ വാടിപ്പോകുന്നു.

III. ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. . . . . .ധനം സമ്പാദിക്കുന്നു; ആര് അനുഭവിക്കും എന്ന് അറിയുന്നില്ല.

IV. മനുഷ്യൻ പൂപോലെ വിടർന്നു പൊഴിഞ്ഞുപോകുന്നു; നിഴൽപോലെ ഓടിപ്പോകുന്നു.

V. ......അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവി.

VI. ആയുഷ്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപത് സംവത്സരം; അതു വേഗം തീരും; ഞങ്ങൾ പറന്നു പോകും.

VII. ഇരയെ റാഞ്ചുന്ന കഴുകനെപ്പോലെ (അതിവേഗം) കടന്നുപോകുന്നു.

മേൽ പറയപ്പെട്ടിരിക്കുന്ന വേദവാക്യങ്ങൾ പുസ്തകം, അദ്ധ്യായം, വാക്യനമ്പർ എന്നിവ കാണിച്ച് പൂർണ്ണരൂപത്തിൽ എഴുതുക. അതേ ആശയമുള്ള മറ്റു വാക്യങ്ങൾ ഉണ്ടെങ്കിൽ മൂന്നെണ്ണത്തിൽ കവിയാതെ ഒത്തുവാക്യമായി എഴുതാം. ഉത്തരം എഴുതിയ ആളിന്റെ പേരും വിലാസവും ഒപ്പും കൂടിയേ തീരൂ. 2010 ഏപ്രിൽ 15-ലെങ്കിലും കിട്ടുന്ന ഉത്തരം പരിഗണിക്കാം. വിദേശത്തുനിന്നുള്ളവ 25-4-2010 വരെ സ്വീകരിക്കാം.

മാസിക എല്ലാവർക്കും കൃത്യസമയത്ത് അയയ്ക്കുന്നുണ്ടെങ്കിലും ചിലപ്പോൾ ചിലർക്ക് കിട്ടാൻ താമസിക്കുന്നതായി അറിയുന്നു. നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. പ്രശ്നാവലി നം-101-106 സമ്മാനം ഇതുവരെ കിട്ടിയിട്ടില്ലാത്തവർ വിവരം സദയം അറിയിച്ചാലും.

വിലാസം : ബൈബിൾ പ്രശ്നാവലി C/o T.M.M. Hospital, Vazhoor, Kottayam.

വേദപുസ്തകം മാത്രം വായിച്ച്, ബൈബിൾ പ്രശ്നാവലിക്ക് മെച്ചമായ ഉത്തരം എഴുതി കൂടുതൽ പ്രാവശ്യം ഉത്തരം എഴുതുകയും കൂടുതൽ പ്രാവശ്യം ഒന്നാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു വന്ന സഹോദരി ജയിനമ്മ ശാമുവേൽ (81) തിരുവനന്തപുരം, കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സഹോദരിയുടെ തിരുവചന പഠനാസക്തി നമുക്കേവർക്കും ഒരു മാതൃകയായിരുന്നെങ്കിൽ!

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഉപ്പുതറ :** ഇടുക്കി ജില്ലയിൽ ഉപ്പുതറ എന്ന സ്ഥലത്ത് 2007 ഫെബ്രു. 4 ന് ആരാധനാകൂടിവരവ് വാടക കെട്ടിടത്തിൽ ആരംഭിച്ചു. 2010 ജനു. 31 ന് പുതുതായി നിർമ്മിച്ച സഭാഹാൾ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സുവി. വി.എം. പോൾ സ്തോത്രം ചെയ്ത് ദൈവസന്നിധിയിൽ സമർപ്പിച്ചു. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകേണമേ. എന്ന് സഭയ്ക്കുവേണ്ടി മാത്യു തോമസ്, ജോർജ്ജ് മാത്യു.

**വട്ടപ്പാറ (എറണാകുളം)** : ദൈവമക്കളുടെ പ്രാർത്ഥനയാലും സഹകരണത്താലും വട്ടപ്പാറയിൽ ബെഥേൽ ബ്രദറൺ അസംബ്ലിക്കുവേണ്ടി എസ്.എ.ഐ.യുടെ പേരിൽ വാങ്ങിയ സ്ഥലത്ത് പണിത സഭാഹാളിന്റെ സ്തോത്രശുശ്രൂഷ 31-12-09 ന് നടത്തുവാൻ ദൈവം കൃപ ചെയ്തു. ഡാനിയൽ വില്യംസ്, വി.പി. പൗലൊസ് എന്നിവർ വചനം ശുശ്രൂഷിച്ചു. ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും, സഹായസഹകരണങ്ങൾക്കും കർത്തൃനാമത്തിൽ ഞങ്ങളുടെ നന്ദി അറിയിക്കുന്നു. തുടർന്നും ഈ സഭയേയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് എം.വി. വർഗീസ്, പി,കെ, വർഗീസ്, സാബു കെ. ജോൺ.

**വൈ.എം.ഇ.എഫ്. മലപ്പുറം :** ഫെബ്രു. 8-10 വരെ തൃക്കൈക്കുത്ത് ബ്രദറൺ സഭാഹാളിൽ വെച്ച് ഒരു ബൈബിൾ ക്യാമ്പ് നടത്തുവാൻ ദൈവം കൃപ ചെയ്തു. ഡോ. കോശി മാത്യു മുംബൈ, ജോൺ മാത്യു ചോക്കാട് എന്നിവർ പ്രധാന ശുശ്രൂഷകർ ആയിരുന്നു. അടുത്ത 2 വർഷത്തെ ഭാരവാഹികളായി പ്രസിഡന്റ് - ബാബു വർഗീസ്, സെക്രട്ടറി - പി.എ. സേവ്യർ, ട്രഷറാർ - ജോൺ സാമുവൽ എന്നിവരെ വീണ്ടും തിരഞ്ഞെടുത്തു. സഭാ രൂപീകരണം ലക്ഷ്യമാക്കിയുള്ള പോത്തുകല്ലിലെ പ്രവർത്തനം തുടരുവാൻ തീരുമാനിച്ചു. എല്ലാ ദൈവമക്കളുടെയും സഹകരണവും പ്രാർത്ഥനയും ഉണ്ടായിരിക്കണമേ. എന്ന് സെക്രട്ടറി പി.എ. സേവ്യർ.

**തൃശൂർ** : 2010 ജനു. 13 ന് എന്റെ 35-ാമത്തെ വിദേശ സുവിശേഷ യാത്രയ്ക്കായി മഡഗാസ്കറിലേക്ക് പോയി. ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തെക്കുകിഴക്കുള്ള ഒരു ദ്വീപുരാഷ്ട്രമായ മഡഗാസ്കറിൽ നമ്മുടേതായ 18 സഭകളും ഒരു ബൈബിൾ സ്കൂളും ഉണ്ട്. എന്റെ 16 ദിവസത്തെ ശുശ്രൂഷകളിൽ ബൈബിൾ സ്കൂളിൽ 15 മണിക്കൂർ ക്ലാസ്സുകൾ എടുത്തു. വിവിധ സ്ഥലങ്ങളിലായി 27 പ്രാവശ്യം വചനം പ്രസംഗിച്ചു. 11 പേർ രക്ഷിക്കപ്പെട്ടു. 31-1-2010 ന് ഞാൻ ഭവനത്തിൽ മടങ്ങിയെത്തി. അതീവ ദരിദ്ര രാജ്യമായ മഡഗാസ്കറിനെ പ്രാർത്ഥനയിൽ ഓർത്താലും. എം. എ. ജോയി.

**ഉമ്രി (ഒറിസ്സാ)** : 7 പേർ കർത്താവിനെ ജലത്തിൽ സാക്ഷീകരിച്ചു സഭയോട് ചേർന്നു. ഇവരുടെ നിലനിൽപ്പിനായി ദൈവജനം പ്രാർത്ഥിച്ചാലും. 2009 ഡിസം. 25 ന് ക്രിസ്തുമസ് ദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട സണ്ടേസ്കൂൾ വാർഷികത്തിൽ 80 ൽ ഏറെ കുട്ടികൾ പങ്കെടുത്തു. 42 കുട്ടികൾ സണ്ടേസ്കൂളിൽ പഠിക്കുന്നു. കൂടുതൽ കുട്ടികൾ കടന്നു വരുവാനും രക്ഷിക്കപ്പെടേണ്ടതിനായും പ്രാർത്ഥനയിൽ ഓർത്താലും. എന്ന് റ്റി.എം. തോമസ്കുട്ടി, സി.ജെ. വർഗീസ് (സുവി.), ഉമ്രി ബ്രദറൺ അസംബ്ലി, ഉമ്രി പി.ഒ., ജയ്പൂർ, ഒറീസ്സ - 764002.

**ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് (തടിയൂർ)** : ശബരിമാങ്കൽ, തടിയൂർ സ്ഥലങ്ങളിലുള്ള ബ്രദറൺ സഭയും മറ്റു പ്രാദേശിക ബ്രദറൺ സഭകളും ജനു. 30,31 ന് ശബരിമാങ്കൽ ബ്രദറൺ സഭാ മൈതാനത്ത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് നടത്തി. തിരുവട്ടാർ കൃഷ്ണൻകുട്ടി, വിദ്വാൻ സി.ജെ. ചാക്കോ, ജോസ് മാത്യു പനയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ഇമ്മാനുവേൽ വോയ്സ് സംഗീതവിരുന്നൊരുക്കി. യുവജന സമ്മേളനം, സോദരീ സമാജം, ബാലസംഘം, ഞായറാഴ്ച സംയുക്ത ആരാധന എന്നിവ നടത്തപ്പെട്ടു. എന്ന് പി.ജെ. ഏബ്രഹാം.

**മുതുകുളം** : മുതുകുളത്ത് 2009 ഫെബ്രു. 22ന് ഒരു പുതിയ കൂടിവരവ് ഉണ്ടാകുവാൻ കർത്താവ് അനുവദിച്ചു. കർത്തൃമേശയിൽ സംബന്ധിക്കുന്ന 8 പേർ ഉൾപ്പെടെ 7 കുടുംബങ്ങളിൽ നിന്നായി 15 ൽ അധികം പേർ കൂടിവരുന്നുണ്ട്. എസ്. രാജേന്ദ്രൻ ഈ സ്ഥലത്തു താമസിച്ച് പ്രവർത്തിച്ചുവരുന്നു. സുവിശേഷകന്റെ ഭവനത്തിൽ കൂടുന്ന ഈ സഭയേയും ഇവിടുത്തെ പ്രവർത്തനത്തെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. സഭയ്ക്കുവേണ്ടി എസ്. രാജേന്ദ്രൻ, കെ.വൈ അനിൽ കുമാർ. വിലാസം എസ്. രാജേന്ദ്രൻ, ഗോസ്പൽ ഭവൻ, ചെങ്ങിലേത്ത് ജംഗ്ഷൻ, മുതുകുളം സൗത്ത് പി.ഒ.ആലപ്പുഴ - 690506.

## മഹത്വത്തിൽ

**മുംബൈ** : സയൺ ബ്രദറൺ സഭാ മൂപ്പന്മാരിലൊരാളായിരുന്ന ഇലന്തൂർ കുഞ്ചചേടത്ത് കെ.എം. ചെറിയാൻ (ബേബി 77) ചെമ്പൂർ ചെഡ്ഡാ നഗർ ന്യൂ ഹെവൻ 8 A യിൽ 12-2-10 ന് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം 16-2-10 ന് വസതിയിലുള്ള ശുശ്രൂഷകൾക്ക്ശേഷം അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയിൽ ശിവ്രി ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്ക്കരിച്ചു. പരസ്യപ്രവർത്തനവും ട്രാക്റ്റു വിതരണവും താൻ മുടക്കം കൂടാതെ കർത്തൃസന്നിധിയിൽ ചേർക്കപ്പെടുന്ന ദിവസം വരെയും ചെയ്തുവന്നു. ഭാര്യ അമ്മിണി പുത്തൻകാവ് പാറേക്കാട് കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. (സി.എ.ജി.)

**മല്ലപ്പള്ളി** : മുരണി ബ്രദറൺ സഭാംഗമായ തോമസ് യോഹന്നാന്റെ സഹധർമ്മിണി മറിയാമ്മ തോമസ് (65) 20-1-2010 ന് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതിക ശരീരം 24-1-2010 ന് അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയിൽ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർത്താലും. എന്ന് എം.എൽ. തോമസ്.



**അടൂർ** : സുവി. പി.എം. ഏബ്രഹാമിന്റെ സഹധർമ്മിണി അന്നമ്മ ഏബ്രഹാം (അമ്മിണി - 71) 2010 ഫെബ്രു. 5 ന് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ഉയിർപ്പിൻ നാളിൽ കാണാമെന്ന പ്രത്യാശയോടെ പന്നിവിഴ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. പരേത റാന്നി വലിയപറമ്പിൽ കുടുംബാംഗമാണ്. കർത്തൃദാസന്മാരായ ചാൾസ് ജോൺ, തോമസ് മാത്യു, ജോൺ കുര്യൻ, ജോർജ്ജ് ചാക്കോ, ജോസ് ജോൺ, വി.പി. പൗലൊസ്, എം.വി. തോമസ്, സാം സഖറിയ എന്നിവർ ആശ്വാസദൂതുകൾ നൽകി. മക്കൾ ജോയ്സ് ജിജി (അങ്കമാലി), ജെയ്സൺ പി. ഏബ്രഹാം (ദോഹ), ജയിംസ് ഏബ്രഹാം (ദോഹ). മരുമക്കൾ ജിജി, ബെറ്റി, സീമ.



**പേരൂർക്കട (തിരുവനന്തപുരം)** : കുമ്പനാട് കിഴവറമണ്ണിൽ പരേതനായ കെ.എസ്. സാമുവലിന്റെ സഹധർമ്മിണി, സഹോ. ജൈനമ്മ സാമുവേൽ (81, അമ്മിണി സാർ, റിട്ട. ഹെഡ്.മിസ്ട്രസ്), 8-2-2010 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ മാതാവിന്റെ ഭൗതീക ശരീരം 12-2-2010 ന് വലിയകൂട്ടം ദൈവജനത്തിന്റെ സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പ്രഭാതത്തിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ തിരുവനന്തപുരത്ത് പരുത്തിപ്പാറ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. സഹോദരി കല്ലിശ്ശേരി പാറയിൽ പരേതനായ പി.ഐ. സാമുവേലിന്റെ മകളാണ്. എന്ന് സാം സഖറിയ, പേരൂർക്കട.

## കൺവൻഷൻ / ക്യാമ്പ്

സ്ഥലം : ബഥനി ബ്രദറൺ ഹാളിന് സമീപം എം.ജി. റോഡ്, അടൂർ

തീയതി : 2010 ഏപ്രിൽ 16 - 18 വരെ വൈകിട്ട് 6.30 മുതൽ 9.00 വരെ

പ്രസംഗകർ : ജോൺസൺ റോയി, പി.ജി. ജെയിംസ്, ചാൾസ് ജോൺ

ബഥനി ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ നടത്തപ്പെടുന്ന സുവിശേഷ യോഗങ്ങളിലേക്ക് ഏവരേയും ക്ഷണിച്ചുകൊള്ളുന്നു. ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. സഭയ്ക്കുവേണ്ടി, പി.എ. സാമു, എം. സാമുവേൽ, പി.എം. അബ്രഹാം.

## YMEF ക്യാമ്പ്

2010 മെയ് 3-6 വരെ നീലേശ്വരം സഭയുടെയും മലബാറിലെ YMEF യൂണിറ്റുകളുടെയും സഹകരണത്തിൽ YMEF മലബാർ ഡിവിഷന്റെ ബൈബിൾ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. തോംസൺ ബി തോമസ്, പി.എം. അബ്രഹാം എന്നിവരായിരിക്കും ലീഡേഴ്സ്. കൂടാതെ മലബാറിലെ കർത്തൃദാസന്മാരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കുന്നതായിരിക്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥന ആവശ്യപ്പെടുന്നു. എന്ന് സെക്രട്ടറി കെ.കെ. മാത്യു അങ്ങാടിപ്പുറം 9847015461

**എരുമേലി. :** എസ്.ബി.എസ്. റാന്നി സെന്ററിന്റെ ചുമതലയിൽ പ്രാദേശികസഭകളുടെ സഹകരണത്തോടെ 2010 ഏപ്രിൽ 1-3 വരെ എരുമേലി സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിനു സമീപമുള്ള ശബരിഹോംസിൽ വെച്ച് സെന്റർ ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. “നിന്റെ ഹൃദയത്തെ കാത്തുകൊൾക” (സദൃ. 4:23) എന്നതാണ് ക്യാമ്പ് തീം. ജോയി ജോൺ, കെ.വി. മാത്യു, ചാൾസ് ജോൺ, ഏബ്രഹാം തോമസ് എന്നിവർ പ്രധാന ലീഡേഴ്സ് ആയിരിക്കും. ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. വിശദവിവരങ്ങൾക്ക് പ്രൊഫ. എം.ജെ. കുര്യൻ ഫോൺ : 9495605722, ഫെബിൻ ജോൺസ് ഫോൺ: 9846645523. എന്ന് Major M.J. Kurian, Associate NCC Officer, 14 Kerala BN NCC, Catholicate College, Pathanamthitta, Kerala.

**മാവേലിക്കര :** ദൈവഹിതമായാൽ മാവേലിക്കര ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ ഓലകെട്ടിയമ്പലം പോസ്റ്റ് ഓഫീസിനു കിഴക്ക് വാത്തികുളങ്ങര മാണിപ്പറമ്പിൽ സുവി. ജേക്കബ് തോമസിന്റെ (സണ്ണിയുടെ) ഭവനാങ്കണത്തിൽ തയ്യാർ ചെയ്യുന്ന പന്തലിൽ വച്ച് 2010 ഏപ്രിൽ 14 ബുധൻ മുതൽ 17 ശനി വരെ വൈകിട്ട് 6.30 മുതൽ 9.15 വരെ സുവിശേഷ യോഗങ്ങൾ നടത്തപ്പെടുന്നതാണ്. സഹോദരന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി എന്നിവർ വചനം ശുശ്രൂഷിക്കുന്നതായിരിക്കും. എല്ലാ യോഗങ്ങളിലും കാഞ്ഞിരപ്പള്ളി ഡിവൈൻ ട്രംമ്പെറ്റിന്റെ പ്രധാന ഗായകൻ ബ്രദർ ജെ. പി. രാജന്റെയും മറ്റു ഗായകരുടെയും ഗാന ശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. ഞായറാഴ്ച രാവിലെ 10 മുതൽ മാവേലിക്കരയിലും പരിസരങ്ങളിലുമുള്ള സഭകളുടെ സംയുക്ത സഭായോഗവും പന്തലിൽ ക്രമീകരിച്ചിരിക്കുന്നു. ഈ യോഗങ്ങളുടെ അനുഗ്രഹത്തിന് സഹോദരന്മാരും സഭകളും പ്രാർത്ഥിക്കേണമേ. സഭയ്ക്ക് വേണ്ടി, നൈനാൻ കെ. ഈശൊ, പി. ഡി. പാപ്പി, ജേക്കബ് തോമസ് (മാണിപ്പറമ്പിൽ, ഓലകെട്ടിയമ്പലം പി. ഒ., മാവേലിക്കര, ആലപ്പുഴ ജില്ല, കേരള-690 510).

## സുവിശേഷ വയലിലേയ്ക്ക്

**എടക്കര :** എടക്കര ബ്രദറൺ സഭാംഗമായ ജോൺ സാമുവേലിനെ 2002 ൽ കർത്താവ് തന്റെ വേലയ്ക്കായി വിളിക്കുകയും തുടർന്ന് കുമ്പനാട് ബഥനി ബൈബിൾ സ്കൂളിലെ പഠനത്തിന് ശേഷം എടക്കര ബ്രദറൺ സഭയിലും മലപ്പുറം ജില്ലയിലെ അനേക സ്ഥലങ്ങളിലും കർത്തൃദാസന്മാരോട് ചേർന്ന് സുവിശേഷ പ്രവർത്തനം ചെയ്തുവരുന്നു. സഹോദരന്റെ വിളിയും സമർപ്പണവും സഭയ്ക്ക് ബോധ്യപ്പെട്ടിരിക്കുന്നു എന്ന കാര്യം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിക്കുന്നു. തനിക്ക് ഭാര്യയും 3 മക്കളുമുണ്ട്. വിലാസം ജോൺ സാമുവേൽ, വെഞ്ചാലിൽ വീട്, കുളക്കണ്ടം, നിലമ്പൂർ പി.ഒ., മലപ്പുറം - 679329. എന്ന് എ.റ്റി. മാത്യു, വി. കെ. കുര്യൻ.

**വാളകം :** എറണാകുളം ജില്ലയിലെ വാളകത്തിന് അടുത്തുള്ള കുന്നക്കാലിൽ താമസിക്കുന്ന സഹോ. കെ. ജെ. ജോർജ്ജ് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ഈ സഭയിലെ ദൈവമക്കളോട് ചേർന്ന് കുടുംബമായി ദൈവത്തെ ആരാധിച്ചു വരുന്നു. 2003 മേയിൽ താൻ വേലയ്ക്കായി വേർതിരിയുകയും കുമ്പനാട് ബഥനി ബൈബിൾ സ്ക്കൂളിൽ 2003-04-ലും 2004 മുതൽ 2007 വരെ പത്തനംതിട്ട ബ്രദറൺ ബൈബിൾ കോളേജിലും ദൈവ വചനപഠനം പൂർത്തിയാക്കി കഴിഞ്ഞ 2 വർഷങ്ങളായി സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. കൂടാതെ, നമ്മുടെ മദ്ധ്യത്തിൽ നടക്കുന്ന പല പൊതു പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്യുന്നു. സുവിശേഷ വേലയ്ക്കുള്ള തന്റെ വിളി സഭയ്ക്ക് ബോധ്യമായിരിക്കയാൽ താൻ കർത്താവിന്റെ വേലയിൽ ആയിരിക്കുന്ന വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി സഭയായി അറിയിക്കുന്നു. വാളകം ബ്രദറൺ സഭയുടെ സഹകരണത്തോടുകൂടെ 2009 ജൂൺ മുതൽ മൈലപ്രയിൽ താമസിച്ചുകൊണ്ട് കടമ്മനിട്ടയ്ക്ക് സമീപം സഭാ സ്ഥാപനം ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തനിക്കു ഭാര്യയും 2 മക്കളുമുണ്ട്. വിലാസം K.J. GEORGE, Kollamkudiyill House, Kunnackkal P.O., Valakom, Muvattupuzha, Ernakulam District-682 316 (കെ.എം. വർക്കി, പി.സി. വർഗീസ്).

## വിവിധ വിഷയങ്ങൾ

### ബഥനി ബൈബിൾസ്കൂൾ കുമ്പനാട്

സ്കൂളിന്റെ 61-ാമത് ബാച്ച് 2010 മാർച്ച് അവസാനത്തോടുകൂടി പര്യവസാനിക്കുകയാണ്. 62-ാമത് ബാച്ച് ദൈവഹിതമായാൽ 2010 ജൂൺ 1-ാം ആഴ്ചയിൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. പ്രവേശനം ആഗ്രഹിക്കുന്നവർ സ്ഥലംസഭയിലെ ചുമതലപ്പെട്ടവർ വഴി സൗജന്യ പ്രോസ്പെക്ടെസിനും അപേക്ഷാ ഫോറത്തിനും അപേക്ഷിക്കുക. ബൈബിൾ സ്കൂൾ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കണമേ. സെക്രട്ടറി, ബഥനി ബൈബിൾസ്കൂൾ, പി.ബി. നമ്പർ 45, കുമ്പനാട് 689547.

## വിലാസമാറ്റം

സുവി. പി.എം. മാത്യുവിന്റെ പുതിയ വിലാസം താഴെ ചേർക്കുന്നു : P.M. Mathew (Evg.), Puthenpurackal, Kathipara, Kallarkutty P.O., Adimaly (via), 685562, Idukki. Ph: 9446227091, 9497024963

## ANNEXURE

I, C.A. George declare that I am the publisher of the News paper entitled Athma Prakashini to be printed and published at Kumbanad and the particulars in respect of the news papers given hereunder are true to the best of my knowledge and belief.

| | | | |
|---|---|---|---|
| 1. | Tittle of the news Paper | : | Athma Prakashini |
| 2. | Languages (s) in which it is (To be published) | : | Malayalam |
| 3. | Periodicity of the publication | | |
| a. | Whether, Daily, Triweekly, fortnightly or other wise | : | Monthly |
| b. | In the case news paper other than a daily please state whether the days (date which it is to be published) | : | 10th of every month |
| 4. | Retail selling price of the news paper is for free distribution please state that it is for free distribution | : | Rs.50/- Annually |
| 5. | Publisher's name | : | C.A.George |
| 6. | Printer's name | : | C.A.George |
| 7. | Place of Publication (Please give the complete address) | : | Kumbanad |
| 8. | Names (s) of the printing press whether the printing is to be conducted and the true and description of premises on which the press(es) is /are installed. | : | Excel Offset Printers, Omallor |
| 9. | Editors Name (s) | : | K.A. Philip, Dr. K.C. Johnson<br>Dr. O.M.Samuel |
| a. | Please state the particulars of individuals or of the firm joint stock companies trust Co-operative societies Association which owned the news paper. | : | Athmaprakashini Publications<br>Kumbanad 689 547 |
| 10. | Please state the decleration in respect of | | |
| | a) News Paper, b) an existing, c) Incase the declaration falls under d) The reason for filling the fresh declaration. | : | Existing |
| 11. | Designation | : | Sd/<br>C.A.George<br>Publisher |

Kumbanad
10-03-2010

# Brethren Bible Institute

### Pathanamthitta, Kerala
### Admission Notice

Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 1st May, 2010.

### A. RESIDENTIAL PROGRAMMES

**1. B.Th. Programme**

BBI offers a three year Bachelor of Theology programme in English medium. Those who have passed Pre-degree/Plus Two/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a two year Bible School training in English medium after

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി
If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547
Printed and Published by
C.A.George
at Excel Offset Printers, Omallor

passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases Plus Two failed candidates also will be considered for this course. There is no fee for this programme.

**2. P.G. Programmes**

BBI offers a two year residential Master of Divinity (M.Div.) programme and a three year residential Master of Theology (M.Th.) programme. Those who have passed B.Th. or its equivalent with C+ (75% Marks) may apply for these programmes. Those who have passed a secular degree with a second class may also apply for the M.Div. Programme. There is a nominal fee for this programme.

**B. COURSES OFFERED THROUGH DISTANCE EDUCATION**

**1. M.B.S.** Qualification: A secular degree in any field OR Mature candidates (25 years and above) without a secular degree can be admitted after passing an entrance examination in the following areas.

i. Bible Knowledge ii. Christian Experience
iii. Proficiency in English Language
Duration: 2 years

**2. M.Div.** Qualification: A Bachelors Degree in Theology, or a secular Bachelors Degree with theological education.
Duration: 2/3 years

**3. M.Th.** Qualification: B.D. / M.B.S./ M.Div./ a Secular Master's degree/a Professional Degree with good academic records.
Duration: 2/3 years

All courses are offered only in English medium. Prospectus and application forms can be had from the REGISTRAR, BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA, INDIA - 689 645 by paying rupees 50 by means of M.O. Those from abroad need to send rupees 150 by crossed demand draft in favour of "Brethren Bible Institute," Pathanamthitta. Prospectus and Application forms can be down loaded from our web site <www.bbipta.com> The last date for submitting the application is April 5, 2010. For more information contact +919447265500 (M.T. George, Secretary).

**NORTH INDIA BIBLE INSTITUTE, ALWAR**

Applications are invited from born again, committed young men for the courses mentioned below. Free boarding and lodging will be provided for the selected candidates.

B.TH - +2 or Equalent - 3 YRS- English
Diploma - 10 Pass - 2 YRS - English

Applications with all documents should reach on or before 30th March 2010 to the following address.

Director NIBI, 148, Lajpat Nagar, ALWAR, 301 001 (RAJ), 0144-2336249, 2330223, Email : tjj148@gmail.com

**അറിയിപ്പ്**

ആത്മപ്രകാശിനി 2009 ഡിസംബർ ലക്കം മാസികയിൽ സഹോ. റ്റി. ബാബു ഓയൂരിനെക്കുറിച്ച് പ്രസിദ്ധീകരിച്ച വാർത്ത നിരുപാധികം പിൻവലിച്ചിരിക്കുന്നു. ഇങ്ങനെ ഒരു വാർത്ത പ്രസിദ്ധീകരിച്ചതിൽ ഖേദിക്കുന്നു. (പത്രാധിപസമിതി).